II അടിയന്തിരപ്രമേയം

നാഷണൽ യൂത്ത് കോൺഗ്രസ് (ഇന്ദിര) പ്രവർത്തകർക്കു നേരെയുണ്ടായതായി പറയപ്പെടുന്ന അതിക്രമം

മി. സ്പീക്കർ : നാഷണൽ യൂത്ത് കോൺഗ്രസ് (ഇന്ദിര) പ്രവർത്തകർ ഇന്നലെ നിയമസഭയിലേക്ക് നടത്തിയ മാർച്ചിനുനേരെ പോലീസ് ഗ്രനേഡും ടിയർഗ്യാസും പ്രയോഗിക്കുകയും ലാത്തിച്ചാർജ്ജ് നടത്തുകയും നിരവധിപേർക്ക് പരിക്ക് പറ്റുകയും അവരെ ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയും ചെയ്ത അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ടി. എം. ജേക്കബ്, ആർ. ബാലകൃഷ്ണപിള്ള, ഷിബു ബേബിജോൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നല്കിയിട്ടുണ്ട്. 9.30 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നാഷണൽ കോൺഗ്രസ് യുവജന വിഭാഗത്തിന്റെ നേതൃത്വത്തിൽ 6-7-2005-ന് തിരുവനന്തപുരം ഗാന്ധിപാർക്ക് മൈതാനത്തിൽനിന്ന് നിയമസഭാ മന്ദിരത്തിലേക്ക് ഒരു പ്രകടനം നടന്നു. പ്രകടനം പഴവങ്ങാടിയിൽ എത്തിയപ്പോൾ അതുവഴി യാത്രക്കാരുമായി വന്ന കെ.എസ്.ആർ.ടി.സി. വക ഒരു മിനി ബസ്സിനു നേരെയും ഒരു പ്രൈവറ്റ് ബസ്സിനു നേരെയും പ്രകടനക്കാർ കല്ലെറിഞ്ഞ് കേടുപാടുകൾ വരുത്തുകയും കല്ലേറിൽ പ്രൈവറ്റ് ബസ്സിലെ ഡ്രൈവറുടെ കണ്ണിന് ഗുരുതരമായ പരിക്കു പറ്റുകയും ചെയ്തു. അവിടെയുണ്ടായിരുന്ന പോലീസ് പാർട്ടി അക്രമികളിൽനിന്ന് പതിനാറുപേരെ അറസ്റ്റു ചെയ്യുകയും പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയുള്ള വകുപ്പുകൾ ഉൾപ്പെടെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ ചേർത്ത് ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ കോടതിയിൽ ഹാജരാക്കുകയും ചെയ്തു. ഗുരുതരമായി കണ്ണിനു പരിക്കു പറ്റിയ പ്രൈവറ്റ് ബസ്സിലെ ഡ്രൈവർ തിരുവനന്തപുരം കണ്ണാശുപത്രിയിൽ ചികിത്സയിലാണ്. പഴവങ്ങാടിയിൽനിന്ന് അക്രമാസക്തമായി നിയമസഭാ മന്ദിരത്തിലേക്ക് മുന്നേറിയ പ്രകടനക്കാരെ പാളയത്തുവച്ച് പോലീസ് തടഞ്ഞു. പോലീസിന്റെ നിർദ്ദേശം അനുസരിക്കാതെ അക്രമാസക്തരായി പോലീസ്നിര ഭേദിച്ച് മുന്നേറാൻ ശ്രമിച്ച പ്രകടനക്കാരെ പിരിച്ചുവിടാൻ കണ്ണീർ വാതകം ഉപയോഗിച്ചിട്ടും പിരിഞ്ഞു പോകാതെ നിലകൊണ്ടതിനാൽ പോലീസ് ലാത്തി വീശി അവരെ വിരട്ടി ഓടിച്ചു. പ്രകടനക്കാരുടെ ആക്രമണത്തിൽ രണ്ടു പോലീസുകാർക്കും ഓടിവീണതിൽ പ്രകടനക്കാരിൽ ഏഴു പേർക്കും പരിക്കു പറ്റി. പോലീസുകാരെ ആക്രമിച്ചതിലും മറ്റും മുന്നൂറിലധികം പേർക്കെതിരെ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്യുകയും അഞ്ചുപേരെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി അവരെ റിമാന്റ് ചെയ്തിട്ടുള്ളതുമാണ്.

GPM. 2/360/2012.—23

LIBRARY ARCHIVES Kerala Legislative Assembly

പാളയത്തുനിന്നും പിരിഞ്ഞുപോയ പ്രകടനക്കാർ ഗ്രൂപ്പുകളായി തിരിഞ്ഞ് അക്രമാസക്തരായി മുദ്രാവാക്യങ്ങൾ വിളിച്ച് റോഡിൽക്കൂടി പോകുകയും അതിൽ ഒരു സംഘം പി.എം.ജി. ജംഗ്ഷനിലുള്ള മൃഗ സംരക്ഷണ വകുപ്പിന്റെ ഓഫീസിനു മുൻവശം പാർക്കു ചെയ്തിരുന്ന സർക്കാർ വക ജീപ്പ് അടിച്ചു തകർക്കുകയും പെട്രോൾ ഒഴിച്ച് കത്തിച്ച് പൂർണ്ണമായി നശിപ്പിക്കുകയും ചെയ്തു. ഈ സംഭവുമായി ബന്ധപ്പെട്ട് കണ്ടാൽ അറിയാവുന്ന ഇരുപതു പേർക്കെതിരെ മ്യൂസിയം പോലീസ് മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

ശ്രീ. sl. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഈ സംഭവത്തെക്കുറിച്ച് സത്യമായിട്ടുള്ള ഒരു കാര്യവും ഈ സഭയിൽപറഞ്ഞില്ല എന്നുള്ളത് തികച്ചും ദു:ഖകരവും; പ്രതിഷേധാർഹവുമാണ്. ഇന്നലെ മെഡിക്കൽകോളേജ് ആശുപത്രിയിൽ നാലു മണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയയ്ക്ക് വിധേയനായ ശ്രീവത്സൻ എന്ന അഡ്വക്കേറ്റിനെക്കുറിച്ച് ഒരക്ഷരം അങ്ങ് മിണ്ടിയോ? അദ്ദേഹത്തെപ്പറ്റി അന്വേഷിച്ചോ? വിനോദ്കൃഷ്ണൻ എന്ന ഒരാൾ ഗ്രനേഡിന്റെ ഏറിൽ പരിക്കുപറ്റി ആശുപത്രിയിൽത്തന്നെയുണ്ട്. ഇന്നോ നാളെയോ ഈ യുവാവിന്റെ വലതുകാൽ മുറിച്ചുകളയുമെന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ഗ്രനേഡ് ഏറിൽ ഇത്രയും ഗുരുതരമായി പരിക്കു പറ്റി ആശുപത്രിയിൽ കിടന്നിട്ട് ആ വ്യക്തിയുടെ പേരുപോലും അങ്ങയ്ക്ക് അനുസ്മരിക്കുവാൻ പാടില്ലേ? ഇന്നലെവരെ നിങ്ങളുടെ കൂടെ നടന്ന ആളുകളാണല്ലോ അവരൊക്കെ. .....(ബഹളം)..... ഇത്ര ദയയില്ലാതെ ദാക്ഷണ്യമില്ലാതെ പെരുമാറാൻ പാടുണ്ടോ? ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനോട് എനിക്ക് ബഹുമാനമുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിലെ അങ്ങയുടെ വോട്ടർമാരാണ്; കഴിഞ്ഞ പ്രാവശ്യം അങ്ങയ്ക്കുവേണ്ടി പ്രവർത്തിക്കുകയും വോട്ടു ചെയ്യുകയും ചെയ്ത പ്രവർത്തകനാണ് അദ്ദേഹം. അത് മറക്കരുത്. രാഷ്ട്രീയ അഭിപ്രായ വ്യത്യാസമുണ്ടാകും. പക്ഷേ ശത്രുക്കളെ നേരിടുന്നതുപോലെയല്ല അവരെ നേരിടേണ്ടത്. ഈ സംഭവം ഉണ്ടായിരുന്നില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞു. ഞാൻ ഒരു വിശദീകരണത്തിലേക്ക് കടക്കുന്നതിനുമുമ്പ് ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഏറ്റവും ഇഷ്ടമുള്ള പത്രമാണല്ലോ മലയാള മനോരമ: ആ പത്രത്തിൽ എഴുതിയിരിക്കുന്നു, എഴുപത്തിയഞ്ചോളം പ്രവർത്തകരുമായി ഗാന്ധിപാർക്കിൽ നിന്ന് ആരംഭിച്ച മാർച്ച് നിയമസഭയ്ക്ക് അടുത്ത് എത്തിയപ്പോഴാണ് പോലീസ് ഗ്രനേഡുമായി തിരിച്ചത്. ബാരിക്കേഡിന് ഏതാനും മീറ്റർ അകലെവച്ച് പോലീസിനുനേരെ കല്ലെറിഞ്ഞ ഉടൻ പോലീസ് ഗ്രനേഡും കണ്ണീർവാതക ഷെല്ലുകളും വർഷിക്കുകയായിരുന്നു. ആദ്യമേതന്നെ ഗ്രനേഡ് ആക്രമണമാണ് നടത്തിയത്. ഗ്രനേഡ് ഷെല്ലുകൾ തറച്ച് നാഷണൽ യൂത്ത് കോൺഗ്രസ് ആറ്റിങ്ങൽ ബ്ലോക്ക് പ്രസിഡന്റ് ശ്രീവത്സന്റെ വലതുകാൽ തകർന്നു. അത് മലയാള മനോരമ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഞാൻ വായിച്ചു കേൾപ്പിച്ചതാണ്. ഇന്നത്തെ പത്രമാണ്. 75 പേരെ കൺട്രോൾ ചെയ്യാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് നിങ്ങൾക്ക് ഇല്ലെങ്കിൽ മുഖ്യമന്ത്രി രാജിവയ്ക്കണം. അതല്ലേ ചെയ്യേണ്ടത്. മുഖ്യമന്ത്രി പറഞ്ഞ കണക്കനുസരിച്ച് 75 പേരിൽ പതിനാറു പേരെ അറസ്റ്റു ചെയ്തല്ലോ? പതിനാറുപേരെ നിങ്ങൾ കിഴക്കേകോട്ടയിൽവച്ച് അറസ്റ്റു ചെയ്തുവെന്ന് പറഞ്ഞല്ലോ? പിന്നെ 59 അല്ലെ ഉള്ളു. ആ 59 ആളുകളെ നേരിടാൻ നിങ്ങൾക്കു കഴിഞ്ഞോ? ആരുടെ നേരെയാണ് ഗ്രനേഡ് പ്രയോഗിക്കേണ്ടത്? ആയുധധാരികളായി ആക്രമണ സംഘങ്ങളായി വരുന്നവർക്കു നേരെയാണ്. ശ്രീ ഉമ്മൻ ചാണ്ടി, അയോദ്ധ്യയിൽ ഭീകരന്മാർ ആക്രമിച്ചല്ലോ? ഭീകരന്മാർക്കുനേരെ അവിടുത്തെ പോലീസ് ആദ്യം ഗ്രനേഡാണ് പ്രയോഗിച്ചത്. പിന്നെയാണ് വെടിവയ്പ് നടത്തിയത്. ഇത്ര മരു ഭീകരാന്തരീക്ഷം ഈ കേരളത്തിൽ നിങ്ങൾ സൃഷ്ടിക്കണമോ? എവിടെനിന്നാണ് പ്രകോപനമുണ്ടായത്? ഒമ്പത് എം.എൽ.എ. മാർ ഈ സഭയിൽ രാജിവച്ചു. അവർക്ക് ഇന്നലെ സ്വീകരണം കൊടുക്കുവാൻ തീരുമാനിച്ചു. അതിന് പോലീസിന്റെ പെർമിഷൻ വാങ്ങി മൈക്ക് അനൗൺസ്മെന്റ് നടത്തി വരികയാണ്. ജാഥ തുടങ്ങുന്ന സമയത്ത് ആ വണ്ടിക്കകത്തിരുന്ന കോൺഗ്രസ് പ്രവർത്തകരെ പിടിച്ചുകൊണ്ടു പോയി. അനൗൺസ് ചെയ്തതിന് വണ്ടിയും കൊണ്ടുപോയി. അവിടെ നിന്നാണ് പ്രകോപനം തുടങ്ങുന്നത്. എന്തിനാണ് പോലീസ് അത് ചെയ്തത്? ശ്രീ. ഉമ്മൻ ചാണ്ടിക്ക് സ്വീകരണം കൊടുക്കുന്ന യോഗത്തിന് മൈക്ക് അനൗൺസ്മെന്റ് നടത്താറില്ലേ? ഞങ്ങളൊക്കെ നടത്തുന്ന യോഗത്തിൽ മൈക്ക് അനൗൺസ്മെന്റ് നടത്താറില്ലേ? പോലീസിന്റെ പെർമിഷൻ വാങ്ങി മൈക്ക് അനൗൺസ്മെന്റ് നടത്തിക്കൊണ്ടുവന്ന വണ്ടി ആദ്യം പിടിച്ച് പോലീസ് അവിടെ പ്രകോപനം സൃഷ്ടിച്ചു. അവിടെ നിന്നാണ് തുടക്കം. മിനിബസ്സിനു നേരെ കല്ലെറിഞ്ഞെന്നു നിങ്ങൾ പറഞ്ഞല്ലോ? തെറ്റ് ഞാൻ സമ്മതിക്കുന്നു. .....(ബഹളം) .....(ബഹളം) .....

മി. സ്പീക്കർ : .....(ബഹളം)..... ശ്രീ. മണി, പ്ലീസ്.....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹളത്തിനിടയിൽ കയറി സംസാരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

മി. സ്പീക്കർ : അങ്ങ് പറഞ്ഞോളൂ.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറയുകയല്ലേ? എന്തിനാണ് അവർ അസ്വസ്ഥരാകുന്നത്? .....(ബഹളം)..... എന്തിനാണ് നിങ്ങൾ അസ്വസ്ഥരാകുന്നത്? മറുപടി മുഖ്യമന്ത്രി പറയുമല്ലോ? അങ്ങനെയൊന്നും നിങ്ങൾ അസ്വസ്ഥരാകേണ്ട. അങ്ങനെ നിങ്ങൾ ബഹളമുണ്ടാക്കി ഇരുത്താമെന്നൊന്നും വിചാരിക്കേണ്ട. ഇവിടെ ഒന്നും നടക്കില്ല. ഇത് നിയമസഭയാണ്; തെരുവല്ല. .....(ബഹളം)..... നിയമസഭയിൽ പറയാനുള്ള അവകാശം എനിക്കില്ലേ? സ്പീക്കറുടെ പെർമിഷനോടുകൂടിയാണ് ഞാൻ ഇവിടെ നില്ക്കുന്നത്? മിനി ബസ്സിനു കല്ലെറിഞ്ഞെന്ന് മുഖ്യമന്ത്രി പറഞ്ഞു. തെറ്റാണ്. പൊതുമുതൽ നശിപ്പിക്കുവാൻ പാടില്ല. നിങ്ങൾ പതിനാറ് ആളുകളെ അറസ്റ്റു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് കേസ്സെടുത്ത് റിമാന്റ് ചെയ്തെന്നു പറഞ്ഞല്ലോ? ഒരു ഡ്രൈവറുടെ കണ്ണിനു പരിക്കു പറ്റിയെന്ന് മുഖ്യമന്ത്രി പറഞ്ഞല്ലോ? ആ റിപ്പോർട്ട് ഞാൻ ഒരു പത്രത്തിലും വായിച്ചില്ല. അങ്ങു പറഞ്ഞാണ് ഈ വിവരം അറിയുന്നത്. അങ്ങയ്ക്ക് ഇതുപോലുള്ള വാർത്തകൾ കിട്ടും. ഇപ്പോഴത്തെ ഡി.ജി.പി. ആരാണ്? ശ്രീവാസ്തവ! അടിക്കാൻ പറഞ്ഞാൽ കൊല്ലുന്ന ആളാണ് അദ്ദേഹം. അടിയന്തിരാവസ്ഥ കാലത്ത് നിങ്ങൾ എല്ലാവരും ഉണ്ടല്ലോ? അന്ന് ശ്രീ. ഉമ്മൻ ചാണ്ടി ഈ നിയമസഭയിലെ എം.എൽ.എ. ആയിരുന്നു. അന്ന് ഇവിടെയിരുന്നു ശരിക്ക് പറഞ്ഞ ആൾക്കാരൊക്കെയുണ്ട്. ഞാൻ ഒരു ഇൻസിഡന്റു പറയാം. പത്തു വയസ്സുകാരിയായ സിറാജുന്നീസ എന്ന പെൺകുട്ടിയെ വെടിവച്ചു കൊന്നത് അദ്ദേഹമാണ്. അന്ന് അദ്ദേഹം പാലക്കാട്ട് ഡി.ഐ.ജി. യാണ്. അദ്ദേഹം കുതിരാനിൽ വരുമ്പോൾ ഞാൻ അവിടെ കോൺഫറൻസ് നടത്തുകയായിരുന്നു. പാലക്കാട് കളക്ടറേറ്റിൽ പ്രശ്നം ഉണ്ടാക്കിയപ്പോൾ കോൺഫറൻസ് നിർത്തി കളക്ടർ പോയി. ഞാൻ എന്റെ വയർലെസ് ഓൺ ചെയ്തിട്ടുണ്ട്. എന്റെകൂടെ എം.എൽ.എ. മാർ ഇരിപ്പുണ്ട്. കുതിരാൻമല കയറിവരുന്ന ഡി.ഐ.ജി അവിടുത്തെ എ.എസ്.പി. ക്ക് ഓർഡർ കൊടുക്കുന്നു. എന്തിനാണ് നിങ്ങളുടെ കയ്യിൽ തോക്ക്? വയ്ക്ക് വെടി. അഞ്ചു മിനിട്ടു നേരം വെടിവച്ചു. പത്തു വയസ്സുകാരി സിറാജുന്നീസ മരിച്ചു വീണു. ഇതാണ് നിങ്ങളുടെ ഡി.ജി.പി. ശ്രീ. ഉമ്മൻ ചാണ്ടി ചാരായകേസിൽ പ്രതി എന്നു ആക്ഷേപിച്ച അന്നത്തെ ആ ഡി.ഐ.ജി. സിറ്റി പോലീസ് കമ്മീഷണർ അദ്ദേഹത്തെ ഡി.ജി.പി. ആക്കിവച്ചുകൊണ്ട് ഇന്ന് ഈ സംസ്ഥാനത്ത് നിങ്ങൾ പോലീസ് രാജ് നടത്തുകയാണ്. അതല്ലേ നടക്കുന്നത് ? ..... (ബഹളം) ..... ഇന്നലെ നടന്ന സംഭവത്തെക്കുറിച്ച് എല്ലാ പത്രങ്ങളും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആ പത്രങ്ങൾ എന്റെ കയ്യിലുണ്ട്. മലയാള മനോരമയിലേത് ഞാൻ വായിച്ചല്ലോ. നിയമസഭയ്ക്ക് സമീപം വച്ചാണ് പ്രവർത്തകർക്കു നേരെ പോലീസ് ഗ്രനേഡ് പ്രയോഗിച്ചത്. ഇതിനിടയിൽ മൂന്ന് കല്ലുകൾ പോലീസിനു നേരെ വീണു. ഇങ്ങനെയാണ് മാതൃഭൂമി പത്രം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മൂന്ന് കല്ല് വീണാൽ നിങ്ങൾ മുപ്പത് ഗ്രനേഡ് പൊട്ടിക്കും അല്ലേ? അതാണല്ലോ പറഞ്ഞിരിക്കുന്നത്. മാർച്ചിന് നേരെ അപ്രതീക്ഷിതമായി പോലീസ് നടത്തിയ ഗ്രനേഡ് ആക്രമണം— അതിനുശേഷം പാളയത്തെ കടകളിൽ നിന്ന ആളുകൾക്കുനേരെ അതിക്രമം കാണിച്ചു. ഇത് കേരള കൗമുദിയുടെ റിപ്പോർട്ടാണ്. ഇതൊക്കെ ഒന്ന് വായിക്കണം. " യുവാവിന്റെ ദീനരോദനം"—മാധ്യമത്തിന്റെ റിപ്പോർട്ട്. കാൽമുട്ട് തകർന്നു, ശ്രീ. ഉമ്മൻ ചാണ്ടി. നിങ്ങൾക്ക് അറിയാമോ മാംസം ചിതറി വീണു. കേരളത്തിൽ കഴിഞ്ഞ കുറെ ആഴ്ചകളായി മനുഷ്യരക്തവും മനുഷ്യ മാംസക്ഷണങ്ങളും നിങ്ങൾ തെരുവിലൊഴുക്കുകയാണ്. ഇത് ശരിയല്ല. വൈദികരേയും തല്ലാൻ നിങ്ങൾക്ക് മടിയില്ല. ആരേയും നിങ്ങൾ തല്ലും. ഗ്രനേഡ് നിങ്ങൾക്ക് അങ്ങനെ മനുഷ്യന്റെ നേരെ പ്രയോഗിക്കാൻ കഴിയുമോ? ഇതിനൊക്കെ ചില നടപടിക്രമങ്ങൾ ഇല്ലേ? ഗ്രനേഡ് ആക്രമണത്തിൽ എസ്.എഫ്.ഐ. യുടെ സിന്ധു ജോയ്, നമിത, രമ്യ, യൂത്ത്കോൺഗ്രസ്സിന്റെ ശ്രീവത്സലൻ, വിനോദ് കൃഷ്ണൻ തുടങ്ങിയ അഞ്ച് സംഘടനാ പ്രവർത്തകർ ആശുപത്രിയിലാണ്. ഇവർ ഗ്രനേഡ്

LIBRARY ARCHIVES Kerala Legislative Assembly

ആക്രമണത്തിൽ മാത്രം പരിക്കുപറ്റിയവരാണ്. ശ്രീ. ഉമ്മൻ ചാണ്ടീ, അങ്ങും കെ.എസ്.യു. നേതാവായിരുന്ന ആളല്ലേ? നിങ്ങളും ഞാനും വിദ്യാർത്ഥി നേതാക്കന്മാരും യുവജന നേതാക്കന്മാരുമായി പ്രവർത്തിച്ചവരാണല്ലോ. നമ്മൾ സമരം നടത്തിയിട്ടില്ലേ? ആ സമരത്തിനുനേരെയൊക്കെ ഏതെങ്കിലും ഒരു കാലത്ത് ഇത്തരത്തിലുള്ള ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ ആര്യാടൻ മുഹമ്മദ്)*: പോലീസ് വെടിവച്ചുകൊന്ന അനുഭവമില്ലേ?

.....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ്: അപ്പോൾ ഒരു കാര്യം ചെയ്യാം ശ്രീ. ആര്യാടൻ മുഹമ്മദ് പറയുന്നത് വെടിവച്ചു കൊല്ലണമെന്നാണ്. ഇനി അതിലേക്ക് വരും പോലീസിന്റെ തോക്കുകൊണ്ട് വെടിവയ്ക്കു. ശ്രീ. ഉമ്മൻ ചാണ്ടീ, ഒരു പന്ത് എത്ര ശക്തിയായി നിലത്തിലേക്ക് എറിയുന്നുവോ പതിന്മടങ്ങ് ശക്തിയായി അത് പൊന്തും. നിങ്ങൾ അത് മറക്കേണ്ട. പോലീസിനെക്കൊണ്ട് അടിച്ചമർത്താൻ പോലീസ് രാജ് ഗ്രനേഡ് രാജ് ആണ് ഈ സംസ്ഥാനത്ത് നടത്തുന്നത്. ഗ്രനേഡ് ഉപയോഗിക്കണമെങ്കിൽ ഒരു ചട്ടമില്ലേ? കളക്ടറുടെയോ ആർ.ഡി.ഒ. യുടെയോ തഹസീൽദാരുടെയോ ഉത്തരവു വേണ്ടേ? Uncontrolled mob-ന് എതിരെയല്ലേ അത് പ്രയോഗിക്കാവൂ. ഇവിടെ Uncontrolled ആണോ? ഇന്നലേയും അങ്ങ് ബി.എ.സി. യിൽ പറഞ്ഞല്ലോ ബാലേട്ടന്റെ അനുശോചനം നടന്നപ്പോൾ സഭയിൽ അംഗങ്ങൾ ഇറങ്ങിയെന്ന്. അഞ്ചെണ്ണം പൊട്ടുന്ന ശബ്ദം നമ്മൾ ഇതിനകത്തിരുന്ന് കേട്ടല്ലോ. കേട്ടില്ലേ? ഗ്രനേഡ് ഇഷ്ടംപോലെ അടിച്ച് കളയുക, ഒരു പൊട്ടാത്ത ഗ്രനേഡ് പരിശോധിച്ചാൽ അതിൽ മാസവസ്തുക്കൾ എത്രയുണ്ടെന്ന് മനസ്സിലാക്കാം. അതിലൊരെണ്ണം ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. (ശ്രീ. ടി. എം. ജേക്കബ് കവറിൽ നിന്ന് ഒരു ഗ്രനേഡ് സഭയിൽ ഉയർത്തിക്കാണിച്ചു) ഇതാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗ്രനേഡ്. അടിച്ചിട്ട് പൊട്ടാത്തതാണ്. .....(ബഹളം).....

മി. സ്പീക്കർ: നിയമസഭയിൽ ഇതു വേണ്ട.

ശ്രീ. ടി. എം. ജേക്കബ്: കാണിക്കാം .....(ബഹളം).....

മി. സ്പീക്കർ: Please take your seat. ഇത്തരം വസ്തുക്കൾ നിയമസഭയ്ക്കത്തു കൊണ്ടുവരരുത് എന്ന് വ്യക്തമായ റൂളിംഗുണ്ട്. ശ്രീ. ടി. എം. ജേക്കബിനെപ്പോലുള്ള പരിണതപ്രജ്ഞരായ ആളുകൾ അത് ശ്രദ്ധിക്കേണ്ടതായിരുന്നു. അത് നിയമസഭയിൽ നിന്നും പുറത്തു കൊണ്ടു പോകണം. ..... (ബഹളം) ..... no ..... no ..... It is not allowable. ഇത് അനുവദിക്കാവുന്നതല്ല ..... (ബഹളം) .....

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അങ്ങയുടെ ശ്രദ്ധയിലേക്ക് ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: No ..... ഇത് ശരിയല്ല .....(ബഹളം)..... Please take your seat .....(ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷ നേതാവിന്റെ സീറ്റിനരികിൽ വന്ന് ബഹളം വച്ചുകൊണ്ടിരിക്കുന്നു.)

മി. സ്പീക്കർ: ദയവ് ചെയ്ത് സീറ്റിൽ പോകൂ .....(ബഹളം).....

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)* : ഇത് ആരേയും എറിയാനല്ല. അങ്ങ് അടക്കമുള്ള ഈ സഭയിൽ പ്രദർശിപ്പിക്കാൻ വേണ്ടി കൊണ്ടുവന്നതാണ്. ..... (ബഹളം) .....

ശ്രീ. ടി. എം. ജേക്കബ്: ഞാനാണ് സംസാരിക്കുന്നത് .....

മി. സ്പീക്കർ: Please go to your seat ..... (ബഹളം) ..... ശ്രീ. പ്രകാശൻ മാസ്റ്റർ, തുടക്കത്തിലേ അനുസരണക്കേട് കാണിക്കേണ്ട. go to your seat. .....(ബഹളം).....ശ്രീ. ഷിബു, Please go to your seat. ജനാധിപത്യ സമ്പ്രദായമനുസരിച്ച് എല്ലാവർക്കും സംസാരിക്കാനുള്ള അവസരം തരുന്നുണ്ട്. പക്ഷേ നമ്മുടെ കീഴ്വഴക്കമനുസരിച്ചും നിയമസഭയുടെ സുഗമമായ പ്രവർത്തനം സംബന്ധിച്ചും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താതിരിക്കാൻ കഴിയില്ല. മുൻ കീഴ്വഴക്കമനുസരിച്ച് ഇത്തരം സ്ഫോടക വസ്തുക്കളും മറ്റു സാധനങ്ങളും ഇവിടെ കൊണ്ടുവരരുത് എന്ന് വ്യക്തമായ റൂളിംഗ് ഉണ്ട്.....(ബഹളം)..... പറയാൻ അനുവദിക്കില്ലേ? .....(ബഹളം).....പൊട്ടാത്തത് എന്നാണ് അദ്ദേഹം പറഞ്ഞത് എനിക്കറിയില്ല.....(ബഹളം)..... don't be too smart .....(ബഹളം).....പൊട്ടാത്ത സാധനമാണെന്നാണ് ശ്രീ. ടി. എം. ജേക്കബ് പറഞ്ഞത്. അപകടകരമായ സാധനങ്ങൾ പുറത്തു കൊണ്ടുപോകണം. ആർക്കും എന്തും കൊണ്ടുവരാം. എവിടേയും കിട്ടും. പക്ഷേ ഈ സാധനം പൊട്ടാത്തതാണെന്ന് പറഞ്ഞ സാഹചര്യത്തിൽ ഇവിടെനിന്നും പുറത്തു കൊണ്ടു പോകണമെന്നു പറഞ്ഞു. അത് ഞാൻ ഇൻസിസ്റ്റ് ചെയ്യുകയാണ്. .....(ബഹളം)..... എനിക്ക് അത് പരിശോധിക്കാനുള്ള കഴിവില്ല. ..... ഇത് ശരിയല്ല. ..... (ബഹളം) .....

ശ്രീ. ടി. എം. ജേക്കബ്: ഞാനാണല്ലോ ഇവിടെ സംസാരിക്കുന്നത്. അങ്ങ് പറഞ്ഞതിന് ഞാൻ സംസാരിക്കട്ടെ .....(ബഹളം).....

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : സർ, ...(ബഹളം).....

മി. സ്പീക്കർ : Please take your seat. .....മിനിസ്റ്റർ സംസാരിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ അങ്ങ് എല്ലാ കാര്യങ്ങളും കേട്ടതിനുശേഷം ഒരു റൂളിംഗ് നൽകി. ഞങ്ങൾ ആ റൂളിംഗിനെ

LIBRARY ARCHIVES Kerala Legislative Assembly

100 ശതമാനവും ഉൾക്കൊള്ളുകയാണ്. ആ റൂളിംഗ് പാലിച്ച് ഇവിടെ കൊണ്ടുവന്ന മാരകായുധം ഹൗസിൽനിന്നും പുറത്തുകൊണ്ടുപോകാതെ ശ്രീ. ടി. എം. ജേക്കബിനെ ഇനി സംസാരിക്കാൻ അനുവദിക്കരുത്. അത് കൊണ്ടുപോയതിനുശേഷമേ അനുവദിക്കാവൂ. .....(ബഹളം).....

(ഗ്രനേഡ് പുറത്തു കൊണ്ടുപോയി)

മി. സ്പീക്കർ: അത് കൊണ്ടുപോയി. കാര്യം അവസാനിച്ചു. .....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്പീക്കർ പറഞ്ഞാൽ അനുസരിക്കാം. ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞാൽ അനുസരിക്കാൻ പറ്റില്ല. .....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ്: തിരുവഞ്ചൂർ മാരകമായ സാധനം എന്നെങ്കിലും പറഞ്ഞല്ലോ.

മി. സ്പീക്കർ: വിഷയത്തിലേക്ക് വരൂ.

ശ്രീ. ടി. എം. ജേക്കബ്: വിഷയത്തിലേക്കാണ് വരുന്നത്. ഇത് ഇന്നലെ പോലീസ് സമരത്തിനുനേരെ പ്രയോഗിച്ചതാണ്. അത് പൊട്ടിയോ പൊട്ടാതെയോ ആണ് കിടക്കുന്നത്. പരിശോധിക്കാനായി അങ്ങയുടെ ഓഫീസിൽ അത് ഞാൻ കൊണ്ടുതരാം. അങ്ങയുടെ റൂളിംഗിനെ ഞാൻ മാനിക്കുന്നു. ഒരു കാര്യം ഞാൻ പറയട്ടെ ഇവിടെ മയക്കുമരുന്ന് കൊണ്ടുവന്ന സാഹചര്യത്തിൽ മാത്രമാണ് അത് ഇവിടെ കൊണ്ടുവരാൻ പാടില്ലെന്ന് പറഞ്ഞിട്ടുള്ളത്. ഇങ്ങനെയുള്ള സാധനങ്ങൾ ഈ സഭയിൽ കൊണ്ടുവന്നിട്ടുണ്ട്. മടിഞ്ഞ ലാത്തി കൊണ്ടുവന്നിട്ടുണ്ട്. സ്ത്രീകളുടെ രക്തം പുരണ്ട തിരുപ്പൻ ഹാജരാക്കിയിട്ടുണ്ട്. ഇവിടെ പലതും നടന്നിട്ടുണ്ട്. സമരമുഖത്തുനിന്ന് കിട്ടുന്ന സാധനങ്ങൾ ഇവിടെ കൊണ്ടുവരാൻ പാടില്ലെന്നുള്ളത് എന്റെ അറിവിൽ ഇതുവരെ ഉണ്ടായിട്ടില്ല. ഇവിടെ മയക്കുമരുന്ന് കൊണ്ടുവന്നപ്പോൾ സ്പീക്കർ വളരെ കർക്കശമായ നിലപാട് സ്വീകരിച്ചു. അത് മനസ്സിലാക്കാം. .....(ബഹളം).....

മി. സ്പീക്കർ: റൂളിംഗ് കഴിഞ്ഞതിനുശേഷം അദ്ദേഹം വളരെ മാന്യമായി അനുസരിക്കുന്നുവെന്ന് പറയുകയും പിന്നെയും വ്യംഗ്യമായി ചിലത് പറയുകയും ചെയ്യുന്നത് വളരെ തെറ്റാണ്. തിരിപ്പൻ കൊണ്ടുവന്നാലോ മറ്റ് സാധനങ്ങൾ കൊണ്ടുവന്നാലോ ഉണ്ടാകുന്നതിനേക്കാൾ അപകടകരമാണ് പൊട്ടാത്ത ഗ്രനേഡ്. അങ്ങയെ വിശ്വസിച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത് പുറത്ത് കൊണ്ടു പോകണമെന്ന്. കൂടുതൽ സാമർത്ഥ്യം കാണിക്കരുത്.

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് അനുസരിക്കാൻ ഞാൻ ബാധ്യസ്ഥനാണ്. അങ്ങിവിടെ എന്ത് പറഞ്ഞാലും ഈ സഭയിലെ കീഴ്വഴക്കമാണ്. അതുകൊണ്ട് അങ്ങയുടെ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽ കൊണ്ടുവന്നു എന്ന് മാത്രമേയുള്ളു. ഇന്നലെ ഉണ്ടായ ചില ഇൻസിഡന്റ്സും അങ്ങേക്കറിയാം. ഈ ഗ്രനേഡ്രാജ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനിപ്പിക്കാൻ തയ്യാറാകുമോ? ഇവിടെ ഇപ്പോൾ പറഞ്ഞല്ലോ സ്ഫോടാത്മകകമാണെന്ന്. ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്കണ്ഠ ഇവിടെ വച്ച് പൊട്ടിയാൽ അപകടമുണ്ടാകുമെന്നുള്ളതാണ്. അതല്ലാതെ ഈ സാധനം കൊണ്ടുവന്നതിനെക്കുറിച്ചല്ല. ഇതാണ് വിദ്യാർത്ഥികൾക്കു നേരെ പ്രയോഗിച്ചത്. എ. കെ. ജി. സെന്ററിൽ ഇഷ്ടംപോലെ കിടപ്പുണ്ട്. ഇതിനകത്ത് സൗണ്ടുള്ള ഗ്രനേഡുമുണ്ട്. അത് പൊട്ടിച്ച് ആളുകളെ യേപ്പെടുത്താം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എ. കെ. ജി. സെന്ററിൽ വീണ ഗ്രനേഡിൽ പൊട്ടാത്തതില്ല.

ശ്രീ. ടി. എം. ജേക്കബ്: ഇന്നലെ എല്ലാ ദിനപ്പത്രങ്ങളും റിപ്പോർട്ട് ചെയ്തതിനകത്ത് ഒരു കാര്യം പ്രകടമായി പറഞ്ഞല്ലോ; പോലീസ് ബാരിക്കേഡ് വയ്ക്കുന്നത് അതിനപ്പുറത്തേക്ക് ആളുകൾ കടക്കാതിരിക്കാൻ വേണ്ടിയാണ്. ഇതിന്റെ അടുത്തു വരുന്നതിനുമുൻപാണ് ഗ്രനേഡ് അടിക്കുന്നത്. നിങ്ങളുടെ അസിസ്റ്റന്റ് കമ്മീഷണർ ശ്രീ. എൻ. മോഹനന്റെ ഉത്തരവ് പ്രകാരമാണ് ഇത് ചെയ്തിരിക്കുന്നത്. പോലീസുകാരെ കയറൂരി വിടാമോ? ആൾ പാർട്ടി മീറ്റിംഗ് നടന്നപ്പോൾ വളരെ വീറോടുകൂടി പറഞ്ഞത് ഞങ്ങൾ എല്ലാവരും പോലീസിന്റെ നടപടിയെ ന്യായീകരിക്കുന്നുവെന്നാണ് ഞാൻ അഭിനന്ദിക്കുന്നു. അങ്ങയുടെ ന്യായീകരണവും അഭിനന്ദനവും കേട്ടപ്പോഴാണ് ഈ രാജ്യത്തെ ഗ്രനേഡ്രാജ് ആരംഭിച്ചിരിക്കുന്നതറിയുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി അങ്ങയോട് പറയട്ടെ, ഇത് തീക്കൊള്ളി കൊണ്ട് തല ചൊറിയുന്നതിന് തുല്യമാണ്. ഈ രാജ്യത്ത് നിങ്ങൾ എല്ലാക്കാലവും ആ കസേരയിൽ ഇരിക്കില്ല, ഓർമ്മ വേണം. ഈ രാജ്യത്ത് ആർക്കും എന്തും കാണിക്കാമെന്നുള്ള സ്ഥിതി വന്നാൽ മോശമാണ്. ഇവിടത്തെ പോലീസിനെ കയറൂരി വിട്ട് ജനാധിപത്യ സമരങ്ങളെ അടിച്ചമർത്താനുള്ള നടപടി തികച്ചും പ്രതിഷേധാർഹമാണ്. അതിന്റെ വസ്തുതകളെ സംബന്ധിച്ച് ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും പറയാനുള്ള അവസരം ഉണ്ടാക്കാൻവേണ്ടി സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്നാവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* അങ്ങ് റൂളിംഗ് നൽകിയതുകൊണ്ട് എനിക്ക് പറയാമോ എന്ന് സംശയമുണ്ട്. ശ്രീ. ജേക്കബ്ബ് ഗ്രനേഡ് ഇവിടെ കൊണ്ടുവന്നതിൽ ഞാൻ അദ്ദേഹത്തോട് വളരെയധികം കടപ്പെട്ടിരിക്കുകയാണ്. ശ്രീ. ജേക്കബ്ബ് വലിയൊരു കേസ് ഇവിടെ പറഞ്ഞൊപ്പിച്ചു. പ്രതിപക്ഷ നേതാവ് പറയുകയാണ് അതൊന്ന് പരിശോധിക്കണമെന്ന്. ശ്രീ. ജേക്കബ്ബ് കൊണ്ടുവന്നതിന് ഞാൻ വളരെ കടപ്പെട്ടിരിക്കുകയാണ്. തുറന്നുപറയാൻ പറ്റിയല്ലോ; പോലീസ് ഈ സമരകാലത്ത് ഉപയോഗിക്കുന്ന ഗ്രനേഡ് രണ്ടുതരത്തിലുള്ളതാണ്. ഒന്ന് Tear Smoke ഗ്രനേഡ് .....കണ്ണീർ വാതകം പുറപ്പെടുവിക്കുന്ന ഗ്രനേഡ്. മറ്റൊന്ന് അങ്ങ്തന്നെ ഇവിടെ പറഞ്ഞു സ്റ്റൺ ഗ്രനേഡ് .....അത്യുച്ചത്തിലുള്ള ശബ്ദവും കണ്ണ് മഞ്ഞളിപ്പിക്കുന്ന തരത്തിലുള്ള പ്രകാശവും ഉണ്ടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതു രണ്ടുമാണ് ഇന്നലെ ഉപയോഗിച്ചത്. .....(ബഹളം)..... അങ്ങ് മലയാള മനോരമ പൂണ്ടിക്കാണിച്ചു. ഞാൻ ദേശാഭിമാനി കാണിക്കുകയാണ്. ദേശാഭിമാനിയിലെ പുക ഉയരുന്ന ഫോട്ടോ അങ്ങ് ഉദ്ധരിച്ചു. മലയാള മനോരമയിൽ ഉള്ള ഫോട്ടോയിലും പുക ഉയരുന്നതായിട്ട് കാണാൻ സാധിക്കും. ..... (ബഹളം) ..... അതുകൊണ്ട് അങ്ങ് ഇവിടെ ഗ്രനേഡ്..... (ബഹളം) .....

പ്രതിപക്ഷ നേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):* അങ്ങനെ മൂന്ന് ഗ്രനേഡുകളുടെ വെറൈറ്റി അങ്ങ് പറഞ്ഞു.

ശ്രീ. ഉമ്മൻ ചാണ്ടി: രണ്ടെണ്ണമാണ് പറഞ്ഞത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അവിടെ നാലാമത്തെ ഗ്രനേഡിന്റെ വെറൈറ്റി, ദേശാഭിമാനിയെ അങ്ങ് ഉദ്ധരിച്ചല്ലോ; ദേശാഭിമാനിയിൽ കാണുന്ന നാലാമത്തെ ഷെൽ ഗ്രനേഡ് ഉപയോഗിക്കുമ്പോഴാണ് കാല് മുറിക്കേണ്ടിവരുന്നത്. ഞങ്ങളുടെ എസ്. എഫ്. ഐ. നേതാവ് സിന്ധു ജോയിയുടെ ഉപ്പൂറ്റി തെറിച്ചു പോയത് ഇതുപയോഗിച്ചിട്ടാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: അതാണ് ഗ്രനേഡിന്റെ കഥ. കാരണം ഇത് അങ്ങ് ഇവിടെ കൊണ്ടുവന്നതിനും ഇത് പറയാൻ അവസരം കിട്ടിയതിനും നന്ദിയുണ്ട് ബസ്സുകളെ കല്ലെറിഞ്ഞെന്നു പറയുന്നത് തെറ്റാണെന്ന് ബഹുമാനപ്പെട്ട ടി. എം. ജേക്കബ്ബ് പറഞ്ഞു. ഡ്രൈവർക്ക് കണ്ണിന് പരിക്ക് പറ്റിയത് കണ്ടില്ല അറിഞ്ഞില്ല എന്നു പറഞ്ഞു. ഞാൻ കേരള കൗമുദി പത്രം കൊടുത്തയയ്ക്കാം. കണ്ണിന് പരിക്ക്—പേജ് - 6 വായിച്ചു നോക്കണം.

മി. സ്പീക്കർ: പത്രം വായന പിന്നെയാകാം.

ശ്രീ. ഉമ്മൻ ചാണ്ടി: പാവപ്പെട്ട ഡ്രൈവർക്ക് കണ്ണിന് പരിക്കുപറ്റി കണ്ണാശുപത്രിയിൽ കിടക്കുന്നത് ഞാനെന്തോ കള്ളത്തരം പറഞ്ഞു എന്ന ധ്വനിയിൽ ഇവിടെ സംസാരിച്ചു. ആ ധ്വനിയിൽ, ആ വാർത്ത ഒരു
10.0 AM] പത്രത്തിലും വന്നില്ല എന്നു പറഞ്ഞു. അദ്ദേഹത്തിന് കണ്ണിന് ഗുരുതരമായി പരിക്കു പറ്റി. ഒരു അക്രമവും ഇല്ലാതെ സമാധാനപരമായി വന്നവരെ ആക്രമിച്ചു എന്നാണ് പറയുന്നത്. ഇങ്ങോട്ട് വന്ന വഴിക്ക് പോലീസിന്റെ ഒരു പ്രകോപനവുമില്ലാത്ത അവസരത്തിലാണ് ബസ്സിന് കല്ലെറിഞ്ഞ് യാത്രക്കാരെ യെപ്പെടുത്തി പൊതുമുതൽ നശിപ്പിച്ചത്. ഇന്നലെ ടി. വി. യിൽ എല്ലാം കണ്ടതാണ്. അവരുടെ കയ്യിലിരുന്നത് പ്രകടനത്തിനു വരുന്നവരുടെ കയ്യിൽ ഇരിക്കേണ്ടതാണോ? പ്രകടനത്തിനു വരുന്നവരുടെ കൈയ്യിൽ കൊടി കാണും, ബാനർ കാണും. പക്ഷേ എല്ലാവരുടെയും കൈയ്യിലിരുന്നത് എന്താണെന്ന് ഇന്നലെ കണ്ടതാണ്. ശ്രീ. ജേക്കബ്, അല്പം കൂടി മനഃസാക്ഷിയോടെ സംസാരിക്കുകയാണെങ്കിൽ, നിങ്ങൾ ഇവിടെ വായിച്ച രണ്ടു പത്രങ്ങളിലും പോലീസിനെ കല്ലെറിഞ്ഞതിനെത്തുടർന്ന് ഗ്രനേഡ് ഉപയോഗിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത്. ഇന്നലെ മൂന്ന് പോലീസുകാർക്ക് പരിക്കുപറ്റി.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ അക്രമാസക്തമായി അസംബ്ളിയിലേക്ക് തള്ളിക്കയറാൻ വന്നവരെ പോലീസ് നോക്കിനിൽക്കുകയാണോ വേണ്ടത് ? കഴിഞ്ഞ ദിവസം എം.എൽ.എ. ക്വാർട്ടേഴ്സിനടുത്തുള്ള ബാരിക്കേഡ് തകർത്ത് വന്നപ്പോഴാണ് ഇത് ഉപയോഗിക്കേണ്ടി വന്നത്. പക്ഷേ ഒരു കാര്യമുണ്ട്. ഇന്നലെ വിദ്യാർത്ഥി സമരം ഉണ്ടാകും വീണ്ടും കാര്യങ്ങളൊക്കെ കൊഴുപ്പിക്കാം എന്നൊക്കെ ആഗ്രഹിച്ച് ഇരുന്നപ്പോൾ സമരം തീർന്നു. ആ സാഹചര്യത്തിൽ ഇവിടെ പ്രകോപനം സൃഷ്ടിച്ചുകൊണ്ട് പഴവങ്ങാടി തൊട്ട് ഇങ്ങോട്ടു വന്ന ഒരു ജാഥ വന്ന വഴിക്ക് കാണിച്ചിട്ടുള്ള അക്രമപ്രവർത്തനങ്ങളും മറ്റുകാര്യങ്ങളും എന്താണെന്നുള്ളത് തിരുവനന്തപുരത്ത് ഇന്നലെ ഉണ്ടായിരുന്നവർക്കെല്ലാം ബോധ്യപ്പെട്ടിട്ടുണ്ട്. നിയമം കയ്യിലെടുക്കാൻ ആരേയും അനുവദിക്കില്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റ് ഈ നടപടിയൊന്നും സന്തോഷത്തോടെ ചെയ്യുന്നതല്ല. ജനാധിപത്യ വ്യവസ്ഥിതിയിൽ അധികാരത്തിലിരിക്കുന്ന ഒരു ഗവൺമെന്റിന്റെ ചുമതലയാണ്, പ്രാഥമിക ബാധ്യതയാണ് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുക എന്നുള്ളത്. കഴിഞ്ഞ കുറേ ദിവസങ്ങളായി ഇവിടെ നടന്ന സംഭവങ്ങൾ എന്താണ്? കൗൺസിലിംഗ് നടത്തില്ല എന്നു പറയുമ്പോൾ ഗവൺമെന്റ് കയ്യും കെട്ടി നിൽക്കണോ? കൗൺസിലിംഗ് നടത്താൻ വേണ്ടി കഠിനാധ്വാനം ചെയ്യുന്ന പോലീസിനെ ഞാൻ സപ്പോർട്ട് ചെയ്തതാണോ തെറ്റ്? കൗൺസിലിംഗിന്റെ കാര്യത്തിൽ, ഒരു മിനിറ്റ് പോലും കൗൺസിലിംഗ് തടസ്സപ്പെടുത്താതിരുന്ന കേരളാ പോലീസിന്റെ നടപടിയെ ഞാൻ അഭിനന്ദിച്ചിട്ടുണ്ട്. ഇനിയും അഭിനന്ദിക്കും. നല്ലൊരു പ്രവർത്തനമാണ് അവർ ചെയ്തത്. ഗവൺമെന്റിനോട് സഹകരിക്കണം. ഏത് പ്രശ്നവും ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: പെൺകുട്ടികളെ കയ്യേറ്റം ചെയ്ത പോലീസുകാരെയും അങ്ങ് അഭിനന്ദിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച സ്ഥിതിക്ക് പറയുകയാണ്. ഇതിന്റെ വീഡിയോ ക്ളിപ്പിംഗ് കാണിച്ചു തരാം. ഇതിന്റെ മുഴുവൻ വീഡിയോ ചിത്രങ്ങൾ എടുത്തു വച്ചിട്ടുണ്ട്. ദൃശ്യ മാധ്യമങ്ങളിൽ വരുന്നതൊക്ക ഒരു വേർഷൻ മാത്രമാണ്. ഇതിന്റെ രണ്ടു വേർഷനും എടുത്തുവച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വീണു കിടക്കുന്ന രണ്ട് വിദ്യാർത്ഥികളെ പോലീസ് മൃഗീയമായി തല്ലുന്നത് അങ്ങും കണ്ടതല്ലേ? വീണു കിടക്കുന്ന കുട്ടികളെ എന്തിനാണ് തല്ലിയതെന്ന് പോലീസുകാരോട് ചോദിക്കാൻ അങ്ങ് തയ്യാറാണോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ ഇതിന്റെ മുഴുവൻ സംഭവങ്ങളും ഉൾക്കൊള്ളുന്ന വീഡിയോ ചിത്രങ്ങൾ നിങ്ങളെ കാണിച്ചു തരാം. അതിനുശേഷം എവിടെയെങ്കിലും പോലീസ് എക്സസ്സ് ഉണ്ടെങ്കിൽ പറയൂ, നമുക്ക് ആ കാര്യം തുറന്ന മനസ്സോടുകൂടി ചർച്ചചെയ്യാം ..... (ബഹളം) .....ഇതിന്റെ ബാക്കികൂടി കാണിച്ചുതരാം. അപ്പോൾ മനസ്സിലാകും..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എപ്പോഴും കാണിച്ചുതരാം, കാണിച്ചുതരാം എന്നാണല്ലോ പറയുന്നത്. എന്നാൽ ഒരു സമയം നിശ്ചയിച്ച് നമുക്കത് കാണാം. ഞാൻ ഈ വെല്ലുവിളി സ്വീകരിക്കുന്നു.

ശ്രീ ഉമ്മൻ ചാണ്ടി: നമുക്കൊക്കെ രാഷ്ട്രീയമുണ്ട്. നമ്മളൊക്കെ വിദ്യാർത്ഥി പ്രവർത്തകരായിട്ടിരുന്നവരാണ്. അക്കാലത്ത് ഇതുപോലെയുള്ള വിദ്യാർത്ഥി പ്രവർത്തനങ്ങളാണോ ഉണ്ടായിരുന്നത്? ഇതുപോലെ പൊതുമുതൽ നശിപ്പിക്കലും ഒക്കെയായിരുന്നോ ഉണ്ടായിരുന്നത് ? ഒന്നു ചിന്തിക്കുക. ഇതുപോലെയുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : നിങ്ങൾ കെ.എസ്.യു. പ്രസിഡന്റ് ആയിരുന്ന കാലത്ത് കെ.എസ്.ആർ.ടി.സി. -യുടെ 150 ബസ്സുകളാണ് തകർത്തത്.

ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ കെ.എസ്.യു. പ്രസിഡന്റ് ആയത് 1967-ൽ ആണ്. അന്ന് കെ. എസ്. ആർ. ടി. സി.-ക്ക് എത്ര ബസ്സുകൾ ഉണ്ടായിരുന്നു എന്ന് അറിയാമോ? ഇത്ര ബസ്സുകൾ പോലും ഇല്ല. ഇന്നത്തെ കണക്ക് വച്ചുകൊണ്ട് 150 എന്നു പറയാം.

ശ്രീ കോടിയേരി ബാലകൃഷ്ണൻ : അന്ന് കെ.എസ്.ആർ.ടി. സി-ക്ക് 2,000 ബസ്സുകൾ ഉണ്ടായിരുന്നു. നിങ്ങൾ കെ.എസ്.യു. പ്രസിഡന്റായിരുന്ന കാലത്ത് കെ.എസ്.യു.—ക്കാർ ഒരു ബസ്സുപോലും പൊളിച്ചിട്ടില്ല എന്ന് പറയാമോ?

ശ്രീ ടി. എം. ജേക്കബ് : മാധ്യമങ്ങളിൽ കാണുന്നത് ശരിയല്ല എന്ന് അങ്ങ് പറഞ്ഞു. ഇന്നലെ ശ്രീവത്സലൻ കാൽമുട്ട് പൊട്ടി വീണു കിടന്നിട്ട് പിന്നെയും പോലീസ് തല്ലിയല്ലോ? അത് അങ്ങ് എന്താണ് ശ്രദ്ധിക്കാത്തത്?

ശ്രീ ഉമ്മൻ ചാണ്ടി : ദൃശ്യ മാധ്യമങ്ങൾ കാണിക്കുന്നത് ശരിയല്ല എന്നല്ല ഞാൻ പറഞ്ഞത്. അത് ഒരു വശം മാത്രമാണ്; മറുവശം കൂടി ഉണ്ട് എന്നാണ് പറഞ്ഞത്. ഈ സമരത്തിൽ മൂന്നുപേരെക്കൂടി കുട്ടുമ്പോൾ 144 പോലീസുകാർക്ക് പരിക്കു പറ്റിയിട്ടുണ്ട്. പോലീസിന്റെ ഉത്തരവാദിത്വം നിറവേറ്റാനും, നിയമവാഴ്ച നിലനിർത്തുന്നതിനുംവേണ്ടി പ്രവർത്തിക്കുമ്പോൾ അതിന് ഒരു വിധത്തിലും സാദ്ധ്യമല്ലാത്ത സാഹചര്യം സൃഷ്ടിച്ചതിനാൽ ആവശ്യമായ ബലപ്രയോഗം അവർ നടത്തിയിട്ടുണ്ട്. .....അതല്ലെങ്കിൽ പിന്നെ എന്തുചെയ്യും? നിങ്ങൾ തന്നെ ആലോചിക്കണം.

ശ്രീ ആർ. ബാലകൃഷ്ണപിള്ള : അക്രമം കാണിക്കുന്നവരെ ബലപ്രയോഗം നടത്തണം പക്ഷെ റോഡിൽ കിടക്കുന്ന പെൺകുട്ടികളുടെ കയ്യിൽ കല്ലില്ല, ലാത്തിയില്ല; ആയുധങ്ങൾ ഒന്നുമില്ലാത്ത പെൺകുട്ടികളെ ആൺപോലീസുകാർ റോഡിലിട്ട് ബൂട്സിട്ട് ചവിട്ടിയത് എന്ത് അക്രമം കാണിച്ചിട്ടാണ്?

ശ്രീ ഉമ്മൻ ചാണ്ടി : അതെല്ലാം നമ്മൾ കണ്ടതാണ്. 144 പോലീസുകാർക്ക് മൂന്ന് ദിവസംകൊണ്ട് പരിക്കു പറ്റിയ സംഭവം സംസ്ഥാനത്ത് ഇതിനുമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിട്ടില്ല. അതുകൊണ്ട് എനിക്ക് വീണ്ടും അഭ്യർത്ഥിക്കാനുള്ളത് ഇപ്പോൾ വിദ്യാർത്ഥി സമരം ചർച്ച ചെയ്ത് തീർത്തു. പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീർത്തുകൊണ്ടിരിക്കുന്നു. നിങ്ങൾ കൂടി സഹകരിക്കണം. ഒരു കാര്യം വ്യക്തമാക്കാതിരിക്കാൻ കഴിയില്ല. നിയമം കയ്യിലെടുക്കാൻ ആര് ശ്രമിച്ചാലും ഒരു കാരണവശാലും ഗവൺമെന്റ് വഴങ്ങില്ല. അതേ സമയം വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ സമരം ചെയ്യുന്നവർക്ക് എന്തു സൗജന്യവും ചെയ്യാം. വേണമെങ്കിൽ ചർച്ച ചെയ്യാം. പക്ഷെ സമരം ചെയ്ത് ഭീഷണിപ്പെടുത്തി ഗവൺമെന്റിനെ ഏതെങ്കിലും കാര്യത്തിൽ മുട്ടുകുത്തിക്കാമെന്ന് ധരിക്കുന്നുണ്ടെങ്കിൽ അത് നടക്കില്ല. ഈ വിഷയം ചർച്ച ചെയ്യാൻ സഭ നിർത്തിവയ്ക്കണം എന്ന അഭിപ്രായം ഗവൺമെന്റിന് ഇല്ല.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്സ്. അച്ചുതാനന്ദൻ)* സർ, അത്യന്തം രൂക്ഷാവഹമായ ഒരു ആക്രമണമാണ് ഇന്ദിര കോൺഗ്രസ് യുവ ജനവീഭാഗത്തിലെ ശ്രീവത്സൻ തുടങ്ങിയ ചെറുപ്പക്കാരുടെ നേരെ പോലീസ് കാണിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അക്കാര്യത്തെ സംബന്ധിച്ച് മുറിവേറ്റ വിദ്യാർഥിയുടെ പേരുപോലും സ്പർശിക്കാൻ കഴിഞ്ഞില്ല. അത് പോകട്ടെ! ഒരു ചെറുപ്പക്കാരന്റെ മുട്ടിന് കീഴോട്ടുള്ള കാൽ ഇല്ലാതെ വരത്തക്കതരത്തിലുള്ള സ്ഥിതിയിലേക്ക് എത്തിച്ച പോലീസിനെയും അതുപോലെതന്നെ വിദ്യാർത്ഥി സമരത്തെത്തുടർന്ന് സിന്ധു ജോയ്, നമിത തുടങ്ങിയിട്ടുള്ള പെൺകുട്ടികളുടെ കാലിന്റെ ഉപ്പൂറ്റി തകർന്ന് ശരീരമാകത്തന്നെ തകരത്തക്കതരത്തിൽ ആക്രമിച്ച പോലീസിനേയും അദ്ദേഹം ആശിനന്ദിച്ചിരിക്കുകയാണ്. പോലീസ് നിയമസമാധാനം കാത്തുസൂക്ഷിക്കുന്നതിനു വേണ്ടി ഉത്തരവാദപ്പെട്ടവരാണെന്ന കാര്യത്തിൽ സംശയമില്ല. ട്രാൻസ്പോർട്ട് ബസിൽ പൊതുജനങ്ങളെയും കയറ്റി പോകുന്ന സന്ദർഭത്തിൽ എറിയുണ്ടാകുന്നതും, ഡ്രൈവറുടെ കണ്ണു തകരുന്നതൊന്നും ശരിയായ നടപടിയല്ല. അത്യന്തം ഖേദകരമാണ്. ഞങ്ങളതിനെ വളരെ വിഷമത്തോടുകൂടിയാണ് കാണുന്നത്. ബഹുജനങ്ങൾ ഇതേപോലുള്ള സമരത്തിനിടയിൽ ഏതെങ്കിലും തരത്തിൽ ഹോമഗണ്ഡത്തിനു വിധേയമാകുന്നതും, ഞങ്ങൾ ഇഷ്ടപ്പെടുന്നതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഇതെല്ലാം ഇഷ്ടമുണ്ടായിട്ട് ചെയ്യുന്നതല്ലെന്ന്. അതും ഞങ്ങൾ മുഖവിലയ്ക്കെടുക്കുവാൻ സന്നദ്ധരാണ്. ചുമതല നിറവേറ്റുന്ന പോലീസ് ചെയ്യുന്ന നടപടികളെ വിവേചനപൂർവ്വമായ സ്വഭാവത്തോടുകൂടി കാണണം. അമിതമായി പോലീസ് കടന്ന കയ്യായി പ്രവർത്തിച്ചാൽ അതും സീരിയസ്സായിട്ട് എടുക്കണം. പെൺകുട്ടികളുടെ നേരെ പോലീസ് കൈകാര്യം ചെയ്തിട്ടുള്ള സമീപനം തെറ്റാണ്. അതുപോലെതന്നെ ശ്രീവത്സനും കൂട്ടരും എന്തെങ്കിലും തരത്തിലുള്ള അക്രമം കാണിച്ചിട്ടുണ്ടെങ്കിൽ അതിനെയൊന്നും ഞങ്ങൾ ന്യായീകരിക്കുന്നില്ല. പക്ഷെ അയാളുടെ മാവി ഇതോടുകൂടി തകരുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാലിലെ മുട്ട് ഓപ്പറേറ്റ് ചെയ്തുകളയേണ്ടിവരും. ആ സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിച്ചിരിക്കുകയാണ്. കാല് തകർന്നിട്ടും അവിടെയിട്ട് അതിക്രൂരമായി ലാത്തിച്ചാർജ് ചെയ്യുന്ന പോലീസിന് ഹൃദയം ഉണ്ടോയെന്ന് ആളുകൾ ചോദിക്കുന്നത് സ്വാഭാവികമാണ്. അപ്പോൾ ഈ നിലയിൽ ഒരു ഗ്രനേഡ് രാജ് എന്ന് ശ്രീ. ടി. എം. ജേക്കബ് പറഞ്ഞത് അതിശയോക്തിപരമല്ല. കഴിഞ്ഞ ദിവസം ഞങ്ങൾക്ക് ഫ്രാങ്കോ രാജെന്നും, ഹിറ്റ്ലർ രാജെന്നും വിദ്യാർത്ഥികളുടെ നേരെ നടത്തിയ ആക്രമണത്തെക്കുറിച്ച് പറയേണ്ടി വന്നു. കാരണം ഇതുപോലുള്ള ആക്രമണത്തിന്റെ പരിണതഫലമായിട്ടുണ്ടായ സ്ഥിതിഗതികളെ ഓർത്തുകൊണ്ടാണ് ഇങ്ങനെ പറയേണ്ടി വന്നത്. ഏതായാലും പോലീസിന്റെ അക്രമപരമായ സമീപനം ശരിയല്ല. ഇവിടെ ഇപ്പോൾ 3 ഗ്രനേഡുകളെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചു. നാലാമത്തതിനെപ്പറ്റി നേരത്തെ അദ്ദേഹം ദേശാഭിമാനിയെ ഉദ്ധരിച്ചതുകൊണ്ട്, ദേശാഭിമാനിയുടെ ഫോട്ടോ തന്നെ എടുത്തു പറയുകയുണ്ടായി. ആ ഗ്രനേഡ് അതിർത്തിയിലാണ് ഉപയോഗിക്കുന്നത്. രാജ്യത്തിന്റെ അതിർത്തി കാത്തുസൂക്ഷിക്കാൻ നിൽക്കുന്നവർ ഭീകരന്മാർക്കെതിരായി ഉപയോഗിക്കുന്ന സാധനമാണ്. ഭീകരന്മാർക്കെതിരായി ഉപയോഗിക്കുന്ന, injurious to health ആയിട്ടുള്ളതാണ് ..... (ബഹളം) ..... മനുഷ്യശരീരത്തിന് നാശം വരാൻ കരുതിക്കൂട്ടി അതിർത്തി സേനകൾ ഉപയോഗിക്കുന്ന ഗ്രനേഡാണ്. അതാണ് പാവപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ നേരെയും യുവജനപ്രവർത്തകരായ ശ്രീവൽസന്റെ നേരെയും പ്രയോഗിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കണം. ഇത്തരത്തിൽ ഭീകരമായ ആയുധങ്ങൾ ബഹുജനസമരത്തെ അടിച്ചമർത്താൻ പ്രയോഗിക്കുന്നത് ശരിയല്ല. വളരെ ബഹുമാനത്തോടുകൂടി എന്റെ സ്നേഹിതൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഒരു കാര്യം പറയുകയുണ്ടായി. ബഹുജനസമരങ്ങൾ, ന്യായമായ സമരങ്ങൾ നടത്തുന്നത് ഒന്നും ഏതിർക്കുന്നില്ലെന്ന് വീൺവാക്കായിട്ടല്ല അദ്ദേഹം പറയുന്നതെങ്കിൽ ബഹുജനസമരത്തിൽ ഇതുപോലുള്ള ആയുധങ്ങൾ പ്രയോഗിക്കുന്നത് ശരിയാണോ എന്ന് വ്യക്തമാക്കണം. തുടർന്ന് പോലീസിന് ഇത് കൊണ്ട് നടക്കാൻ അങ്ങ് അനുവാദം നൽകുമോ? അക്കാര്യം ഞങ്ങൾക്കറിയേണ്ടതായിട്ടുണ്ട്. കാരണം നിങ്ങളുടെ ജനാധിപത്യവിരുദ്ധമായ ദുർഭരണം തുടരുകയാണ്. ബഹുജനങ്ങൾക്ക്, കേരളത്തിലെ പ്രതിപക്ഷത്തിന് തൊഴിലാളികളുടെ, കൃഷിക്കാരുടെ, കർഷകത്തൊഴിലാളികളുടെ, വിദ്യാർത്ഥികളുടെ, അധ്യാപകരുടെ, സ്ത്രീകളുടെ, അങ്ങനെ ഓരോ ജനവിഭാഗത്തിന്റേയും അവകാശപോരാട്ടങ്ങൾക്ക് രംഗത്ത് ഇറങ്ങേണ്ടിവരും. കാരണം നിങ്ങളുടെ ദുർനയത്തിന്റെ പരിണിതഫലമാണ് അതെല്ലാം. അങ്ങനെ വരുന്ന അവസരത്തിൽ ബഹുജന സമരങ്ങളോടുള്ള നിങ്ങളുടെ സമീപനം എന്താണ്? ഒന്ന് പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യുക എന്ന സമീപനത്തിലേക്ക് നിങ്ങൾ പോകുമോ? പോകുന്നത് ശരിയാണോ? ജനാധിപത്യമാഷ്ട്രത്തിൽ ബഹുജനങ്ങളുടെ അവകാശങ്ങൾക്കും, താൽപ്പര്യങ്ങൾക്കുംവേണ്ടി പോരാടാനുള്ള അവകാശമില്ലേ? അക്രമാസക്തമായ പ്രവർത്തനങ്ങൾ നടത്തരുതെന്നുള്ളതിനോട് ഞങ്ങളും നൂറുശതമാനം യോജിക്കുന്നു. ആ ഉദ്ദേശത്തോടുകൂടി നടക്കുന്ന സമരങ്ങളിൽ അവിടെ നിന്നും ഇവിടെനിന്നുമായിട്ട് ചില സംഭവങ്ങൾ ഉണ്ടായിട്ടുള്ളത് ദൗർഭാഗ്യകരമാണ്;

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകാൻ പാടില്ലാത്തതാണ്. അതിനെയൊന്നും ന്യായീകരിക്കുന്നില്ല. ഈ കഴിഞ്ഞ ദിവസം ശ്രീവൽസൻ തുടങ്ങിയ ചെറുപ്പക്കാരുടെ നേരെ നടത്തിയിട്ടുള്ള അത്യന്തം ഹീനവും ഭീകരവുമായ ആക്രമണത്തിൽ യാതൊരു തരത്തിലുള്ള പശ്ചാത്താപവും പ്രകടിപ്പിക്കാതെ, അത് സംബന്ധിച്ച് ഒന്ന് ചർച്ച ചെയ്യാൻ സഭ നിർത്തിവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകാത്ത സാഹചര്യത്തിൽ, ഈ ഹീനമായ മനോഭാവത്തോടും, നടപടിയോടും, ഗവൺമെന്റിന്റെ സമീപനത്തോടും ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി. എസ്സ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിവിധ സന്ദർഭങ്ങളിൽ, ആഭ്യന്തരവകുപ്പിനെ സംബന്ധിച്ചുള്ള മറുപടിയിൽ ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ട് ഇതുപോലുള്ള നിരവധി ചോദ്യങ്ങൾക്ക് ഒന്നിനുപോലും മറുപടി ഈ നിയമസഭയിൽ ഈ പ്രാവശ്യവും കഴിഞ്ഞ പ്രാവശ്യവും നൽകിയിട്ടില്ല. ഞാൻ അത് ശ്രദ്ധയിൽപ്പെടുത്തിയെന്നു മാത്രം. വിവിധ സന്ദർഭങ്ങളിലായി 121 കോടി രൂപ കേന്ദ്രത്തിൽ നിന്നും പോലീസിന്റെ നവീകരണത്തിനായി സംസ്ഥാന ഗവൺമെന്റിന് ലഭിച്ചു. ഈ സംഖ്യയുടെ സിംഹഭാഗവും ചെലവഴിച്ചത് ആയുധങ്ങൾ വാങ്ങാനാണ്. അതിന്റെ കണക്കുകൾ ശേഖരിച്ചിട്ടുണ്ട്. ഗവൺമെന്റിനെ ഉദ്ധരിച്ചുകൊണ്ട് ഞാൻ പറയുകയാണ്. അതിൽ വാങ്ങിയ പുതിയ ആയുധമാണ് ഗ്രനേഡ്. ഷോക്കടിപ്പിക്കുന്ന ലാത്തി, മുള്ളാണി നിറച്ച ലാത്തി ഇതൊക്കെ ഞങ്ങൾ ഇവിടെ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ഗ്രനേഡിനെ സംബന്ധിച്ച് പോലീസിന്റെ തന്നെ ഇൻസ്ട്രക്ഷൻസ് വന്നിട്ടുണ്ട്. സാധാരണ സമരങ്ങളിൽ ഇത് ഉപയോഗിക്കാൻ പാടില്ലെന്നുണ്ട്. നേരത്തെ ശ്രീ. വി.എസ്സ്. അച്ചുതാനന്ദൻ സൂചിപ്പിച്ചപ്പോലെ അതിർത്തി സംരക്ഷിക്കുന്ന ബോർഡർ സെക്യൂരിറ്റി ഫോഴ്സ് -ന് വർഗ്ഗീയ ലഹളകളും, സംഘർഷങ്ങളും നടക്കുന്ന സ്ഥലത്ത് ഉപയോഗിക്കാനുള്ളതാണ് ഈ ഗ്രനേഡ്. ഇത് ശരീരം കൊലപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്. അതുകൊണ്ടാണ് കാൽ മുറിച്ചുകളയേണ്ടിവരുന്ന അത്ര ഗുരുതരമായ സ്ഥിതിവന്നത്. ഞാൻ മിനഞ്ഞാന്ന് ഇവിടെ സംസാരിച്ചപ്പോൾ മുഖ്യമന്ത്രി മെഡിക്കൽ കോളെജിൽ പോയി ആ കുട്ടികളെ ഒന്ന് കാണണമെന്ന് ആവശ്യപ്പെട്ടതാണ്. എങ്ങനെയാണ് ഗ്രനേഡ് തറച്ച് പരിക്കുണ്ടായതെന്ന് നേരിട്ട് പോയി കാണണം. പോലീസ് എഴുതിക്കൊടുക്കുന്ന റിപ്പോർട്ട് വായിച്ചാൽ മാത്രം പോര. കാലിന്റെ പാദം മുറിഞ്ഞു പോകുകയാണ്. കാലിന്റെ തുടയിൽ കയറിയാൽ ഈ ഭാഗം മുഴുവനും മുറിച്ചുകളയേണ്ടിവരും. പിന്നെ മാരകമായി ശരീരത്തിലുണ്ടാകുന്ന മറ്റ് അപകടങ്ങൾ വേറെയുമുണ്ട്. അത്തരത്തിൽ ഗ്രനേഡ് ഉപയോഗിക്കേണ്ട ഒരു സമരമായിരുന്നോ ഇന്നലെ നാഷണൽ യൂത്ത് കോൺഗ്രസ് (ഇന്ദിര) നടത്തിയ സമരം? മുഖ്യമന്ത്രി ഒന്നുകൂടി അറിയണം. ഇന്ന് നാഷണൽ കോൺഗ്രസിന്റെ ശ്രീ മുരളീധരന്റെ നേതൃത്വത്തിൽ മറ്റൊരു സമരം കൂടി നടക്കുകയാണ്. ദളിത് കോൺഗ്രസിന്റെ. അവിടെ ഇത് പ്രയോഗി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നുണ്ടോ? മുഖ്യമന്ത്രിക്ക് എതിരായിട്ട് മുദ്രാവാക്യം വിളിച്ചാൽ അവിടൊയൊക്കെ ഗ്രനേഡും, ടിയർ ഗ്യാസും പ്രയോഗിക്കുമോ? ഈ വിധത്തിൽ ആയുധവത്കരിച്ച പോലീസിന് അഭിനന്ദനങ്ങൾ ചൊരിഞ്ഞു കൊടുത്താൽ ആ പോലീസ് ലക്കും ലഗാനവുമില്ലാതെ ആക്രമിക്കില്ലേ? നിങ്ങളുടെ സമരങ്ങളെയും ആക്രമിക്കില്ലേ? അതുകൊണ്ടല്ലേ നിയമസഭാ കോംപ്ലക്സിലേയ്ക്കും എം.എൽ.എ. ഹോസ്റ്റലിലേയ്ക്കുമൊക്കെ ഗ്രനേഡ് വലിച്ചെറിയാൻ പോലീസ് ധൈര്യപ്പെട്ടത്. എം. എൽ. എ. മാരും മന്ത്രിമാരുമുൾപ്പെടെയുള്ളവർ ഉള്ള ഈ കേന്ദ്രത്തിലേയ്ക്കുപോലും ഗ്രനേഡ് വലിച്ചെറിയാനുള്ള പോലീസിന്റെ ധിക്കാരമല്ലേ. ഞങ്ങൾ മിനിഞ്ഞാന്നത്തെ കോൺഫറൻസിൽ നിന്നും ഇറങ്ങിപ്പോകേണ്ടതായിരുന്നു. മുഖ്യമന്ത്രി പോലീസിനെ ആവർത്തിച്ചാവർത്തിച്ച് അഭിനന്ദിച്ചു. ഇത്ര ഭീകരമായ മർദ്ദനം നടത്തിയ പോലീസിനെ അഭിനന്ദിക്കുന്ന സന്ദർഭത്തിൽ ഞങ്ങൾ ഇറങ്ങി പോകാതിരുന്നത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു കൂട്ടായ പരിശ്രമത്തിന് തടസ്സമാകേണ്ട എന്ന് വിചാരിച്ചാണ്. പോലീസിനെ നിയന്ത്രിക്കാൻ മുഖ്യമന്ത്രിക്ക് ഉത്തരവാദിത്വമുണ്ട്. പക്ഷേ തെറ്റുചെയ്താൽ, ഈ രീതിയിൽ അതിക്രമങ്ങൾ കാണിച്ചാൽ ഒന്ന് പരിശോധിക്കേണ്ടേ, ഒന്ന് അന്വേഷിക്കണ്ടേ? വീഴ്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കേണ്ടതിനുപകരം മുഖ്യമന്ത്രി അവരെ ന്യായീകരിക്കുകയാണ് ചെയ്തത്. ഈ സമരങ്ങൾ അവസാനിക്കാൻ പോവുകയാണെന്ന് കരുതരുത്. മുഖ്യമന്ത്രി കാര്യങ്ങൾ അന്വേഷിക്കണം. അതല്ലാതെ ധിക്കാരപൂർവ്വം ധാർഷ്ട്യത്തോടുകൂടി സമരങ്ങൾ അടിച്ചമർത്താനും ഗ്രനേഡുകൾ പ്രയോഗിക്കാനും തുടങ്ങിയാൽ സമരങ്ങൾ കെട്ടടങ്ങില്ല. ഈ നടപടികൾ തുടരുകയാണെങ്കിൽ പൂർവ്വാധികം ശക്തിയോടെ ഒന്നിനുപുറകേ ഒന്നായി സമരങ്ങളുടെ ഘോഷയാത്രയായിരിക്കും നേരിടേണ്ടിവരിക. നാഷണൽ യൂത്ത് കോൺഗ്രസിന്റെ പ്രവർത്തകർക്കെതിരെ ഇന്നലെ നടത്തിയ ഗ്രനേഡ് പ്രയോഗത്തിലും ക്രൂരമായ മർദ്ദനത്തിലും പ്രതിഷേധിച്ച് അത് ചർച്ച ചെയ്യാൻ നടപടി സ്വീകരിക്കാത്ത മുഖ്യമന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് നടത്തുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. സി. കെ. നാണു : സർ, വളരെ അപകടകരമായ, പ്രോത്സാഹിപ്പിക്കാൻ പാടില്ലാത്ത തരത്തിലുള്ള സംഭവങ്ങളാണ് സംസ്ഥാനത്ത് നടന്നതെന്ന് മുഖ്യമന്ത്രി മനസ്സിലാക്കണം. കഴിഞ്ഞ മൂന്നുനാലു ദിവസമായി നമ്മുടെ സംസ്ഥാനത്ത് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിൽ തിരുവനന്തപുരത്തു മാത്രമല്ല പലഭാഗങ്ങളിലും വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും ഗ്രനേഡ് ഏറിൽ പരിക്കേറ്റ് ആശുപത്രികളിലാണ്. ഇന്നലെ തന്നെ 10-75 ആളുകൾ മാത്രമുള്ള സമയത്തിനുനേർക്കാണ് പോലീസ് ഗ്രനേഡ് പ്രയോഗിച്ചത്. ഇതിനുമുൻപും ഈ സംസ്ഥാനത്ത് സെക്രട്ടേറിയറ്റ് മാർച്ചുകളും കളക്ടറേറ്റ് വളയലുകളും പ്രക്ഷോഭങ്ങളും, സമരങ്ങളും പല കക്ഷികളും മുന്നണികളും നടക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വ്യാപകമായി ഉണ്ടായിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ പോലീസും സമരക്കാരും തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടായിട്ടുണ്ട്. അപ്പോഴൊന്നും ഇത്തരത്തിൽ ഗ്രനേഡുകൾ പ്രയോഗിച്ച് ആളുകളെ മെപ്പെടുത്തിയ അവസരമുണ്ടായിട്ടില്ല. പ്രതിപക്ഷത്തിരിക്കുന്നവർ മാത്രമല്ല, അധികാരത്തിലിരിക്കുന്ന ഭരണാധികാരികൾ ജനങ്ങൾ പ്രക്ഷോഭങ്ങൾ നടത്തുമ്പോൾ, അവരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമരങ്ങൾ നടത്തുമ്പോൾ സമാധാനപരമായി നേരിടാൻ സന്നദ്ധമായില്ലെങ്കിൽ ജനങ്ങളെ ജനാധിപത്യപാതയിൽ നിന്നുമാറ്റാൻ പ്രേരിപ്പിക്കുന്നതിന് പ്രതിപക്ഷത്തേക്കാൾ ഉത്തരവാദിത്വം ഭരണ കക്ഷിക്കായിരിക്കും എന്ന വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. വിദ്യാർത്ഥി പ്രക്ഷോഭങ്ങളിലൂടെ വളർന്നുവന്ന ഒരു നേതാവെന്ന നിലയ്ക്ക് താങ്കളുടെ വഴിയിൽ ഈ മുപത്തിലുള്ള ഗ്രനേഡുകളും മറ്റും ഉണ്ടായിട്ടുണ്ടോ? പലപ്പോഴും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഭിന്നിക്കുന്ന അവസരങ്ങൾ ഉണ്ടാവാം, അങ്ങനെയുള്ള അവസരങ്ങൾ നമ്മൾ അനുഭവിച്ചവരാണ്. അങ്ങനെയുള്ള ഘട്ടത്തിൽ ഈ മുപത്തിൽ 100 ശതമാനം മെയ്ക്കാൻ പറ്റില്ലെങ്കിലും പ്രക്ഷോഭം നടത്തുന്നവരോട് ജനാധിപത്യരീതിയിൽ പെരുമാറണം. അക്രമം നടത്തുന്ന ഘട്ടത്തിൽ മാത്രം നേരിയ തോതിൽ അവരെ നേരിടാൻ ശ്രമിക്കുന്നു എന്നതിൽ കവിഞ്ഞ് ഗ്രനേഡ് എറിഞ്ഞ് ആളുകളുടെ കാല് മുറിക്കുക, പെൺകുട്ടികളെ പരിക്കേൽപ്പിച്ച് ആശുപത്രിയിലാക്കുക ഇത്തരത്തിലുള്ള നടപടികൾ ഗവൺമെന്റ് ചെയ്യേണ്ടതല്ല. ഗവൺമെന്റിന്റെ ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. എ. എ. അസീസ് : സർ, ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്കെതിരെ സമരം ചെയ്തവരെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുന്നത് നമ്മുടെ രാജ്യത്ത് വലിയൊരു സമരത്തിന് ആക്കം കൂട്ടുകയാണ് ചെയ്യുന്നത്. ഇവിടെ മുൻപും ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി നടത്തിയ സമരങ്ങളെയും, വിദ്യർത്ഥികളും തൊഴിലാളികളും നടത്തിയ സമരങ്ങളെയും തല്ലിത്തകർക്കാൻ പല ഭരണാധികാരികളും ശ്രമം നടത്തിയിട്ടുണ്ട്. എന്നാൽ ആ ഭരണാധികാരികളുടെ അനുഭവം വളരെ വേദനാജനകമായിരുന്നു എന്ന് ഇന്നത്തെ ആഭ്യന്തരകാര്യംകൂടി കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി മനസ്സിലാക്കുന്നത് നന്നായിരിക്കും. നേരത്തെ സൂചിപ്പിച്ചതുപോലെ ഇത് ഒരു തീക്കളിയാണ്. ജനങ്ങളെ മർദ്ദിച്ച് ഒതുക്കുവാൻ, അതുപോലെതന്നെ അവരെ ജീവിക്കാനനുവദിക്കാത്തവിധം അംഗഭംഗം വരുത്തുന്ന നിലയിൽ ഗ്രനേഡ് എറിഞ്ഞും കണ്ണീർ വാതകം പ്രയോഗിച്ചും ജലപീരങ്കി പ്രയോഗിച്ചും ജീവിതം ദുസ്സഹമാക്കുന്ന നിലയിലേക്ക് പോലീസ് നടപടി പോകാൻ പാടില്ല. ഇന്ന് ശ്രീവത്സന്റെ ഒരു കാൽ മുറിക്കും എന്നാണ് കേൾക്കുന്നത്. ആ നിലയിൽ പോലീസ് വളരെ നീചമായ പ്രവർത്തികൾ ആണ് ചെയ്തത്. ന്യായമായ ആവശ്യങ്ങൾക്കായി വിദ്യാർത്ഥികൾ നടത്തിയ സമരം അന്യായമാണെന്ന് പറയാൻ കഴിയില്ല. അന്യായമാണെങ്കിൽ വിദ്യാർത്ഥികളുടെ

LIBRARY ARCHIVES Kerala Legislative Assembly

സമരം രമ്യമായ തിരുമാനത്തിൽ എത്തിക്കാൻ സാധിക്കുമോ? അവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചതുകൊണ്ട് മാത്രമാണ് വിദ്യാർത്ഥി സംഘടനകൾ സമരം പിൻവലിച്ചത്; അതല്ലാതെ ഗവൺമെന്റിന്റെ മർദ്ദനമുറകളിൽ ഭയന്നല്ല. ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തുന്ന സമരങ്ങളെയാണ് തല്ലിത്തകർത്തിരിക്കുന്നത്. ന്യായമായ ആവശ്യങ്ങൾക്കുവേണ്ടിയാണ് എന്നത് അവർക്ക് നല്ല ബോധ്യമുണ്ട്. ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ വിദ്യാർത്ഥികളുടെ സമരത്തെ നീചമായ തരത്തിലാണ് പോലീസ് വേട്ടയാടിയത്. പോലീസിനെ ഇങ്ങനെ കയറൂരിവിട്ട് ഭരണം നടത്താമെന്ന് ഗവൺമെന്റ് ആഗ്രഹിക്കരുത്. വളരെ കുറച്ചുകാലം മാത്രമേ കാലാവധിയുള്ളൂ; അത് സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയുമെന്ന് കരുതരുത്. അതിശക്തമായ തിരിച്ചടി ഈ ഗവൺമെന്റിന് ഉണ്ടാവും. ജനങ്ങളും, തൊഴിലാളികളും, വിദ്യാർത്ഥികളും, എല്ലാ സമൂഹവും ഭരണാധികാരികൾക്കെതിരെ തിരിയുമെന്ന് നിങ്ങൾ ഓർക്കണം. ഈ സംഭവത്തിൽ ശ്രീവത്സന് ഉണ്ടായ ദുരന്തത്തെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നയത്തിൽ ഞാനും എന്റെ കക്ഷിയും പ്രതിഷേധിക്കുന്നു. ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ശ്രീ. എ. എ. അസീസും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇന്നലെ നിയമസഭാ മന്ദിരത്തിനുമുൻപിൽ ഒരാവശ്യവുമില്ലാത്ത സംഭവങ്ങളാണ് നടന്നത്. ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുപോലെ അൻപത്താറോ അൻപതോ വരുന്ന ആളുകളെ നേരിടാൻ ശക്തിയില്ലാത്ത പോലീസ് ആണ് കേരളത്തിലെ പോലീസ് എന്നു ഞാൻ വിശ്വസിക്കുന്നില്ല. ടിയർ ഗ്യാസ് ഷെല്ലുകൾ പൊട്ടിക്കാതെയും ഗ്രനേഡ് എറിയാതെയും ലാത്തിച്ചാർജ് നടത്താതെയും ഏതാണ്ട് രണ്ടുകിലോമീറ്റർ ദൂരം യാത്രചെയ്തുവന്ന നാഷണൽ യൂത്ത് കോൺഗ്രസിന്റെ പ്രവർത്തകരെ നേരിടാൻ ഇത്രയും മാരകമായ ആയുധപ്രയോഗം നടത്തിയത് ഒരു കാരണവശാലും നീതികരിക്കരുത് എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. മാത്രമല്ല, ഇവിടെ പെൺകുട്ടികളെ ഉപദ്രവിക്കുകയാണ്. ഉപദ്രവിക്കുന്നതിനു മുമ്പും പിമ്പുമുള്ള വീഡിയോ ചിത്രങ്ങൾ കാണിച്ചുതരാമെന്നു അദ്ദേഹം വെല്ലുവിളിച്ചു. വിളിക്കുകയാണെങ്കിൽ നമുക്കും അതു കാണാം. പെൺകുട്ടികളുടെ കയ്യിൽ കല്ലില്ല, കൊടിയില്ല, യാതൊന്നുമില്ല. തിരുവനന്തപുരത്തും കൊച്ചിയിലും അവരെ ബൂട്ട്സിട്ട് ചവിട്ടുന്ന ചിത്രങ്ങൾ നമ്മൾ ടി.വി.-യിൽ കണ്ടു. എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിലുള്ള സിന്ധു ജോയിയുടെ പാദം തകർന്നത് ഗ്രനേഡ് ഏറുകൊണ്ടാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. ഡോക്ടർമാരും അത് പറയുന്നുണ്ട്. ഡോക്ടർമാരുടെ സർട്ടിഫിക്കറ്റിലും അതുണ്ട്. ഇത്രയും ക്രൂരമായ രീതിയിൽ പെരുമാറാൻ പോലീസിനെ അനുവദിക്കാമോ? പോലീസ് അങ്ങയ്ക്ക് എഴുതിത്തരുന്ന കാര്യങ്ങൾ അങ്ങ് നിയമസഭയിൽ പറയുമ്പോൾ ഒരു കാര്യം ആലോചിക്കണം. ഇന്ന് പോലീസിന്റെ തലപ്പത്തിരിക്കുന്ന വ്യക്തി ഒരു മുഖ്യമന്ത്രിയെ പുറത്താക്കിയ ആളാണെന്ന കാര്യം അങ്ങ് മറക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

മതങ്ങൾശ്രീവാസ്തവയെക്കുറിച്ചാണ് ഞാൻ പറയുന്നത്. ശ്രീ. കെ. കരുണാകരനെ മുഖ്യമന്ത്രിപദത്തിൽ നിന്നിറക്കി ശ്രീ. എ. കെ. ആന്റണിയെ കേരളത്തിൽ കൊണ്ടുവരാനുള്ള സാഹചര്യങ്ങൾക്ക് വളം വച്ച ആളാണ് അങ്ങയുടെ കൂടെ ഇന്ന് നിൽക്കുന്നത്. അദ്ദേഹം അങ്ങു പറയുന്നത് അനുസരിച്ചാണോ പ്രവർത്തിക്കുന്നത്. അദ്ദേഹം പറയുന്നത് അനുസരിച്ച് അങ്ങ് പ്രവർത്തിക്കുകയാണോ എന്ന് എനിക്ക് അറിയില്ല. തിരിച്ചറിവ് വളരെ കുറവുള്ള ആളാണ് അദ്ദേഹം. അദ്ദേഹം കൊല്ലത്ത് എസ്. പി. ആയിരുന്നപ്പോൾ തെന്മല പ്രദേശത്ത് വേട്ടയ്ക്ക് പോയി. വേട്ടയ്ക്ക് പോയപ്പോൾ കാട്ടുപോത്താണെന്ന് വിചാരിച്ച് വെടിവച്ചത് നാട്ടിലെ ഒരു ചായക്കടക്കാരന്റെ എരുമയെയായിരുന്നു. അവസാനം അയാൾക്ക് കാശു കൊടുക്കേണ്ടി വന്ന സംഭവം വരെയുണ്ടായി. അദ്ദേഹം എന്തും ചെയ്യുന്ന ആളാണ്. അദ്ദേഹത്തെ വിശ്വസിച്ച് നിങ്ങൾ കാര്യങ്ങൾ എൽപ്പിക്കുന്നത് ശരിയല്ല. അങ്ങയുടെ മനോഭാവത്തിന് മാറ്റം വരണം. അങ്ങ് മുഖ്യമന്ത്രിയാണ്. നമ്മളൊക്കെ പല കാലഘട്ടങ്ങളിലായി വിദ്യാർത്ഥി രംഗത്തു നിന്ന് കടന്നു വന്നവരാണ്. ഇവിടെ പെൺകുട്ടികളുടെ പേരിൽ കേസ് എടുത്തിരിക്കുന്നു എന്ന് അങ്ങേയ്ക്ക് അറിയാം. അങ്ങയുടെ മനോഭാവത്തെപ്പറ്റിയാണ് ഞാൻ പറയുന്നത്. പെൺകുട്ടികളുടെ പേരിൽ വധശ്രമത്തിന് കേസ് എടുത്തിരിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ വധശ്രമത്തിന് പെൺകുട്ടികളുടെ പേരിൽ കേസ് എടുത്തത് ആദ്യത്തെ സംഭവമാണ്. അതാണ് പോലീസ് തിരുവനന്തപുരത്ത് ചെയ്തിരിക്കുന്നത്. മറ്റു സ്ഥലങ്ങളിൽ ഉണ്ടോ എന്ന് എനിക്കറിയില്ല. അങ്ങനെയുള്ള കേസ്സുകൾ പരിശോധിക്കണമെന്ന് അങ്ങയോട് പറഞ്ഞപ്പോൾ അങ്ങ് അതിന് മൗനാനുവാദം പോലും നൽകുകയോ പരിശോധിക്കാമെന്ന് പറയുകയോ ചെയ്തില്ല. അങ്ങയുടെ മനോഭാവം ഇതാണെങ്കിൽ സംഗതി വളരെ ബുദ്ധിമുട്ടാണ്. ഇന്നലെ നടന്ന സംഭവങ്ങൾ അങ്ങ് തീർച്ചയായും അന്വേഷിക്കണം. ഇത് ശരിയാണോ? ഇങ്ങനെ ചെയ്തതിൽ എക്സസ് ഉണ്ടോ? പോലീസ് എക്സസ് ഉണ്ടായിട്ടുണ്ടോ എന്ന് അങ്ങ് അന്വേഷിക്കണം. ഇത് ചർച്ച ചെയ്യേണ്ടതാണ്. ശ്രീ. വക്കം പുരുഷോത്തമൻ ശ്രീ. ടി. എം. ജേക്കബ് സംസാരിച്ചപ്പോൾ വളരെ അസ്വസ്ഥനായി. പക്ഷേ അദ്ദേഹം ഒരു കാര്യം ആലോചിക്കണം. അദ്ദേഹത്തിന് ലഭിച്ച ഭൂരിപക്ഷത്തിൽ ഒരു വോട്ടെങ്കിലും ഇന്ന് കാൽമുട്ടിന് മുകളിൽ വച്ച് മുറിക്കപ്പെട്ട ശ്രീവൽസന്റേതാണ് എന്ന ഒരു മര്യാദയെങ്കിലും, ഒരു സ്നേഹമെങ്കിലും അദ്ദേഹം കാണിക്കേണ്ടതായിരുന്നു. ശ്രീ. ടി. എം. ജേക്കബ് ഇക്കാര്യം അവതരിപ്പിച്ചപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് വെടി വയ്ക്കണമെന്നാണ്. അതിനൊക്കെ അദ്ദേഹത്തിന് അധികാരമുണ്ട്, അദ്ദേഹത്തിന് വെടി വയ്ക്കാം. അതിന് കുഴപ്പമില്ല.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, പോയിന്റ് ഓഫ് ഓർഡർ... ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പ്രസംഗിക്കുമ്പോൾ ഇതുപോലൊരു

LIBRARY ARCHIVES Kerala Legislative Assembly

സംഭവം കേരളത്തിന്റെ ചരിത്രത്തിൽ, ഇന്നലെ ആ കുട്ടികളോട് ചെയ്തതുപോലെ ഉണ്ടായിട്ടില്ല എന്നു പറഞ്ഞപ്പോൾ ഞാൻ പറഞ്ഞത്, 1967-ൽ ഇ.എം.എസ്.-ന്റെ കാലത്ത് കാസർകോട് രണ്ടു കെ.എസ്.യു. വിദ്യാർത്ഥികളെ വെടിവച്ച് കൊല്ലുകയുണ്ടായി എന്നാണ് ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള പലതും തിരിക്കാനും മറിക്കാനും കഴിയുന്ന ആളാണ്. ഞാൻ വെടി വയ്ക്കണമെന്ന് പറഞ്ഞിട്ടില്ല. ഇതൊക്കെ ശ്രീ. ബാലകൃഷ്ണപിള്ളയുടെ ദോഷ ആണെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. അദ്ദേഹത്തിന്റെ സ്വഭാവം ഇതു തന്നെയാണ്.

മി. സ്പീക്കർ: ഇതിൽ പോയിന്റ് ഓഫ് ഓർഡർ ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതിൽ പോയിന്റ് ഓഫ് ഓർഡർ ഇല്ല. അദ്ദേഹം പറഞ്ഞില്ല എന്നു പറഞ്ഞാൽ ഞാൻ ആവർത്തിക്കുകയില്ല. അദ്ദേഹം അവിടെയിരുന്ന് പ്രതികരിച്ചു. 1967-ലെ കഥയാണ് പറഞ്ഞതെങ്കിൽ ഞാൻ അത് അംഗീകരിക്കുന്നു. അതിൽ അഭിപ്രായ വ്യത്യാസമില്ല. അതുകൊണ്ട് എക്സസ്സിനെക്കുറിച്ച് അന്വേഷിക്കണം. അടിയന്തിരപ്രമേയം അംഗീകരിച്ചില്ലെങ്കിലും കുഴപ്പമില്ല. നടന്ന അതിക്രൂരമായ സംഭവങ്ങൾ, ടി.വി.-യിലൊക്കെ നമ്മൾ കണ്ടു. പോലീസ് ബാരിക്കേഡിന് നൂറടിയെങ്കിലും അപ്പുറത്തു വച്ചാണ് ഇതൊക്കെ എറിഞ്ഞത്. ബാരിക്കേഡ് വച്ചിരിക്കുന്നത് അപ്പുറത്ത് കടക്കാതിരിക്കാനാണ്. അതിനടുത്തുപോലും വരാൻ സമ്മതിച്ചില്ല. നാൽപ്പതോ അമ്പതോ ആളുകളുടെ നേരെ ബാരിക്കേഡിന് നൂറടിയെങ്കിലും അപ്പുറത്ത് വച്ചാണ് ഗ്രനേഡ് എറിഞ്ഞതും ടിയർ ഗ്യാസ് സെൽ പൊട്ടിച്ചതും. അതുകൊണ്ട് കണ്ടിരിക്കുന്നവർക്ക് യാതൊരു ന്യായീകരണവും ഈ കാര്യത്തിൽ പോലീസിന് നൽകാനില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സംഭവം അതീവ ഗുരുതരമാണ്. ഇതുപോലെ കുട്ടികളെ ആക്രമിക്കുന്ന സംഭവം ഉണ്ടാകരുത്. റബ്ബർ ബുള്ളറ്റ് ഉപയോഗിക്കരുതെന്ന്പറഞ്ഞതുപോലെ ഇതും തടയണം. കേന്ദ്രം അനുവദിച്ച കാശു കൊടുത്ത് റബ്ബർ ബുള്ളറ്റ് വാങ്ങി ഉപയോഗിക്കാതെ വച്ചിരുന്നു. അതുപോലെ ഇന്ന് ഗ്രനേഡ് ഉപയോഗിക്കുന്നതും കർശനമായി തടയണം. അനുഭവത്തിന്റെ വെളിച്ചത്തിൽ അത് ഉപയോഗിക്കുന്നത് ദയവായി മുഖ്യമന്ത്രി അവസാനിപ്പിക്കണം. റബ്ബർ ബുള്ളറ്റ് വേണ്ടെന്നു വച്ചതുപോലെ, ഗ്രനേഡുകൾ ആൾക്കൂട്ടത്തിനിടയിലേക്ക് വലിച്ചെറിഞ്ഞ് അനവധി വിലപ്പെട്ട ജീവനുകൾ നശിപ്പിക്കാൻ പോലീസിനെ അനുവദിക്കരുത്. ആ കാര്യത്തിലെങ്കിലും, മേലിലെങ്കിലും അങ്ങ് ഒരു നിലപാട് സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകൊണ്ടും, പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടും ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയും സഭ വിട്ട് പുറത്തുപോയി).

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ആദ്യം കാര്യങ്ങൾ അവതരിപ്പിച്ചതുകൊണ്ട് വിശദീകരണത്തിലേക്ക് കടക്കുന്നില്ല. എനിക്ക് അങ്ങയോട് ഒരപേക്ഷ ഉണ്ട്. അങ്ങ് ഇന്ന് മെഡിക്കൽകോളേജിൽ പോയി ശ്രീവൽസനെ കാണണം. ഇവിടെയെല്ലാവരും ഇത്രയും കാര്യങ്ങൾ പറഞ്ഞിട്ടും ഇന്നത്തെ ദിനപത്രങ്ങളിൽ മുഴുവൻ വന്നിട്ടും മുഖ്യമന്ത്രി അദ്ദേഹത്തെക്കുറിച്ച് ഒന്നും പറഞ്ഞില്ല. ഭയങ്കരമായി കരഞ്ഞുകൊണ്ടിരിക്കുന്ന യുവാവിന്റെ ചിത്രവും നമ്മൾ കണ്ടു. പരിക്കു പറ്റിയ കാലിന്റെ മുട്ടിൽ വന്നാണ് ഗ്രനേഡ് പൊട്ടിയത്. മുഴുവൻ ചിതറിപ്പോയി. അതിനുശേഷം പോലീസ് അയാളെ തല്ലി. ഇതെല്ലാം പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി.വി.-യിൽ കാണിച്ചിട്ടുണ്ട്. എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വാക്കുപോലും അയാളെക്കുറിച്ച് പറഞ്ഞോ? ഇതു ശരിയാണോ? അവിടെ ഇതിന്റെ തൊട്ടു മുന്നിൽ ഉണ്ടായിരുന്ന ജയാ ഡാലി എന്ന ഒരു പെൺകുട്ടി, രണ്ടു കയ്യിലും ഊന്നുവടി ഉപയോഗിച്ച്, പൂർണ്ണവികലാംഗയാണ്. ടി.വി.-യിൽ കാണിച്ചതാണ്. ഈ പെൺകുട്ടിയുടെ കൂട്ടത്തിൽ വേറൊരു പെൺകുട്ടിയും കൂടി നടന്നു വരികയാണ്. അതിനേയും തല്ലി. രണ്ടു കയ്യിലും ഊന്നു വടിയും പൂർണ്ണ വികലാംഗയുമായ കുട്ടി അഭിമാനക്ഷതയാണ്. ഇവരെയൊക്കെ തല്ലിയിട്ട് ശ്രീ. ഉമ്മൻ ചാണ്ടി, അങ്ങ് ഒരിക്കലും ഇതിനെ ന്യായീകരിക്കരുത്. അതു ശരിയല്ല. ഇവിടെ പോലീസിനെ കയറൂരി വിട്ട് ഗ്രനേഡ് എറിഞ്ഞ് ആളെ കൊല്ലുന്നത് എന്തിനാണ്? നമ്മൾ പ്രതിപക്ഷത്ത് ഒന്നിച്ചിരുന്നപ്പോൾ പോലീസ് അതിക്രമത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളവരല്ലേ? അങ്ങ് ആ കസേരയിൽ വന്നപ്പോൾ ഇങ്ങനെ ഒരു ധാർഷ്ട്യം ഉണ്ടാകാൻ പാടുണ്ടോ? ശ്രീ. ഉമ്മൻ ചാണ്ടി ആകെ മാറി. ഇപ്പോൾ പഴയ ഉമ്മൻ ചാണ്ടിയല്ല. സ്വഭാവത്തിന് മാറ്റം വരാൻ പാടില്ലല്ലോ. അങ്ങയുടെ ഇന്നത്തെ സമീപനം എന്താണ്? ഇത്ര ധാർഷ്ട്യവും ധിക്കാരവും അങ്ങയ്ക്ക് പാടില്ല. ഒരു ഭരണാധികാരിക്ക് പാടില്ല. അങ്ങ് കേരളത്തിന്റെയും ഞങ്ങളുടെ എല്ലാവരുടേയും മുഖ്യമന്ത്രിയാണ്. ആ മുഖ്യമന്ത്രിയുടെ സമീപനംമൂലമാണ് സംസ്ഥാനത്ത് പോലീസ് ഗ്രനേഡ് രാജ് ഉണ്ടാകുന്നത്. ഇത് അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കാത്തതിലും ഇത് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഈ വാക്കൗട്ടിൽ ഞാനും പങ്കെടുക്കുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി. എം. ജേക്കബ്ബും സഭ വിട്ട് പുറത്തുപോയി)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി)

LIBRARY ARCHIVES Kerala Legislative Assembly